**സബ്മിഷൻ**

ഖനനംമൂലം പ്രദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ വെള്ളരിക്കുണ്ട് താലൂക്കിലെ കിനാലൂർ കരിന്തളം പഞ്ചായത്തിൽ തലയെടുക്കം എന്ന സ്ഥലത്തെ പൊതുമേഖല സ്ഥാപനമായ കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട് ലിമിറ്റഡ് കമ്പനി സ്ഥാപിതമായിട്ട് 11 വർഷമായി, അലൂമിനസ് ലാറ്ററേറ്റും ബോക്സൈറ്റും ഖനനം ചെയ്യുന്നതിന് എതിരായി എല്ലാ രാഷ്ട്രീയ പാർട്ടികളും സംഘടനകളും അഞ്ചുമാസത്തിലേറെക്കാലമായി വലിയ പ്രക്ഷോഭം നടത്തിവരികയാണ്. പഞ്ചായത്തിലെ ഉയരംകൂടിയ ഭാഗത്ത് ചെങ്കൽ പാറകളിൽ നടത്തുന്ന ഖനനം ഈ പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമത്തിനും വരൾച്ചയ്ക്കും ഇടയാക്കുകയാണ്. ഉയർന്ന ജലസംഭരണശേഷിയുള്ള ഇവിടത്തെ ചെങ്കൽപാറകളിൽ നിന്നാണ് ജില്ലയിലെ പ്രധാന നദികളിലൊന്നായ നീലേശ്വരം പുഴ ഉത്ഭവിക്കുന്നത്. അങ്ങേയറ്റം പാരിസ്ഥിതിക പ്രാധാന്യമുള്ള endemic ആയ നാന്നൂറിലേറെ സസ്യവിഭാഗങ്ങൾ ഉള്ള പ്രദേശം കൂടിയാണ് ഖനനത്തിന് വിധേയമാകുന്നത്. ഇപ്പോൾ പ്രദേശത്തെ ഭൂമിക്കടിയിൽ സോയിൽ പൈപ്പിംഗ് പ്രതിഭാസമുള്ളതായി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിലെ വിദഗ്ദ്ധർ

കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള അനുമതികളൊന്നുമില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഖനനം **നടത്താൻ** ഉത്തരവ് നൽകിയിട്ടുണ്ട്. അവിടത്തെ ഗ്രാമസഭയും ഐക്യകണ്ഠേന ഖനനം നിർത്തണമെന്ന് ആവശ്യപ്പെട്ട് പ്രമേയം അംഗീകരിച്ച് സർക്കാരിലേയ്ക്ക് നൽകിയിരിക്കുകയാണ്. ഇപ്പോൾ അതിലെ പ്രധാനമായ വിഷയം ഈ കമ്പനി ഇവിടെ ഖനനം ചെയ്യുന്ന ലാറ്ററേറ്റോ ബോക്സൈറ്റോ ഉപയോഗിച്ചുകൊണ്ടുള്ള യാതൊരുവിധ ഉത്പന്നങ്ങളും കെ.സി.സി.പി.എൽ. കമ്പനി നിർമ്മിക്കുന്നില്ല. ഖനനം ചെയ്ത് വിവിധ സംസ്ഥാനങ്ങളിലെ സ്വകാര്യ കമ്പനികൾക്ക് നൽകിവരികയാണ്. 1957-ലെ Mines and Minerals (Development & Regulation) Act പ്രകാരമോ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ ഇ.ഐ.എ. നോട്ടിഫിക്കേഷൻ പ്രകാരമോ വൻകിട ധാതുവായ ബോക്സൈറ്റ് ഖനനം ചെയ്യുന്നതിനാവശ്യമായ യാതൊരുവിധ അനുമതിയും കമ്പനി നേടിയിട്ടില്ല. Indian Bureau of Mines (IBM) അംഗീകരിച്ച ഒരു മൈനിംഗ് പ്ലാനും കമ്പനിക്ക് ഇല്ല. ഖനനത്തിനെതിരായ പ്രതിഷേധം ഉയർന്നുവന്നതിനുശേഷം ഏതാനും ആഴ്ചകൾക്ക് മുമ്പ് മാത്രമാണ് മൈനിംഗ് പ്ലാൻ അംഗീകരിക്കുന്നതിന് ഐ.ബി.എം. മുമ്പാകെ അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഇതുവരെ കമ്പനിക്ക് അനുമതി ലഭിച്ചോയെന്ന് അറിയില്ല. ഈ സാഹചര്യത്തിൽ അവിടത്തെ

മുഴുവൻ രാഷ്ട്രീയ പാർട്ടികളും നാടാകെ ഒന്നിച്ചുചേർന്നുകൊണ്ട് ഖനനത്തിനെതിരായി 162 ദിവസത്തിലധികമായി കമ്പനിക്ക് മുമ്പാകെ പ്രക്ഷോഭം നടക്കുകയാണ്. ഇപ്പോൾ ഏതാണ്ട് അഞ്ച് മാസത്തിലേറെയായി കമ്പനി തുറന്നിട്ടില്ല. കമ്പനി ഇങ്ങനെയൊരു മൈനിംഗ് നടത്തി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് ഈ പറയുന്ന അസംസ്കൃതവസ്തുക്കൾ എത്തിച്ചുകൊടുക്കുന്ന ഏജൻസിയുടെ ജോലി മാത്രമാണ് നിർവ്വഹിക്കുന്നത്. അല്ലാതെ കമ്പനിക്ക് യാതൊരു ഉത്പാദനവും ഇതുമായി ബന്ധപ്പെട്ട് നടത്തുന്നില്ല. ഈ സാഹചര്യത്തിൽ പൂർണ്ണമായും ആ മേഖലയിലെ ഖനനം നിർത്തിവയ്ക്കാനുള്ള ഉത്തരവ് ഉണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, പൊതുമേഖലാ സ്ഥാപനമായ ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് ആണ് ഈ കമ്പനി. ഇതൊരു പൊതുമേഖലാ സ്ഥാപനമാണെന്നുള്ളതാണ് പ്രശ്നം. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതൊന്നും പൂർണ്ണമായി തള്ളിക്കളയാൻ കഴിയാത്ത കാര്യങ്ങളാണ്. ഖനനം ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. മാടായിൽ ഇപ്പോൾ ഖനനം നിർത്തിവെച്ചു. കരിന്തളത്തും ഇതുതന്നെയാണ് സ്ഥിതി. അത്

കുടിവെള്ളത്തിനെയൊക്കെ ബാധിക്കുന്നുണ്ട്. ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയുടെ ഒരു ഡൈവേഴ്സിഫിക്കേഷൻ മൈനിംഗ് എന്ന നിലയിൽ ക്ലേയും ബോക്സൈറ്റുമൊക്കെ വാഷ് ചെയ്ത് വിൽക്കുക എന്നതാണ്. അതൊന്നും കാലാകാലം കൊണ്ടുനടക്കാൻ കഴിയില്ല. അതുകൊണ്ട് ഒരു ഡൈവേഴ്സിഫിക്കേഷനെന്തെങ്കിലും വേണമെന്ന് ആലോചിക്കുന്നുണ്ട്. നിലവിൽ അവിടെയിപ്പോൾ മൈനിംഗ് ഇല്ല. നാട്ടുകാരുടെ എതിർപ്പുകൊണ്ട് മൈനിംഗ് നിർത്തിയിരിക്കുകയാണ്. അതുകൊണ്ട് വളരെ സീരിയസ്സായി ഇത് ആലോചിക്കുകയാണ്. ഇതിനെ സംബന്ധിച്ച് എം.എൽ.എ.മാരും ട്രേഡ് യൂണിയനുകളുമായും അടുത്ത ആഴ്ച ചർച്ച ചെയ്യുണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

## ലോക്കൽ കമ്മിറ്റി നേതാവിനെ ആക്രമിച്ചവർക്കെതിരെ നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഗുരുതരമായ ഒരു പ്രശ്നം സഭയിൽ ഉന്നയിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ക്ഷേത്രം അതിപ്രസിദ്ധമായ ക്ഷേത്രമാണ്. ആ ക്ഷേത്രവും പരിസരപ്രദേശവും കുറച്ചുകാലമായി ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും ഗുണ്ടാസംഘം സംഘർഷ ഭൂമിയാക്കി മാറ്റിയിരിക്കുകയാണ്. കഴിഞ്ഞ ജൂലൈ 18-ാം തീയതി വൈകുന്നേരം സി.പി.എം.ന്റെ കൊടുങ്ങല്ലൂർ ലോക്കൽ കമ്മിറ്റി

സെക്രട്ടറി സഖാവ് ജൈത്രയൻ പച്ചക്കറിയും സാധനങ്ങളും വാങ്ങിയശേഷം കൊടുങ്ങല്ലൂർ ക്ഷേത്രത്തിനുമുന്നിൽ ആളുകളോട് സംസാരിച്ച് നിൽക്കുകയായിരുന്നു. ഈ സമയത്താണ് അപ്രതീക്ഷിതമായി ആറോളം വരുന്ന ആർ.എസ്.എസ്.ഗുണ്ടകൾ ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് മാരകായുധങ്ങളുമായി സഖാവ് ജൈത്രനെ ആക്രമിക്കാൻ ശ്രമിച്ചത്. ആക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ ജൈത്രനെ അടിയന്തരമായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തെ കൊല്ലുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് ഗുണ്ടകൾ ആക്രമിച്ചതെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെ യൂത്ത്കോൺഗ്രസ്സിന്റെ നേതാവായ രാധാകൃഷ്ണനേയും ഇതേ സംഘം ആക്രമിക്കുകയുണ്ടായി. കുറച്ചുകാലമായി ഈ പരിസരപ്രദേശം സംഘർഷാവസ്ഥയിലാണ്. സി.പി.ഐ.-യുടെ സമ്മേളനവുമായി ബന്ധപ്പെട്ട് സി.പി.ഐ.-യുടെ ഓഫീസുതന്നെ അടിച്ചുതകർക്കുന്ന സ്ഥിതി ഈ ഗുണ്ടാസംഘത്തിന്റെ ഭാഗത്തു നിന്നുമുണ്ടായി. കൊടുങ്ങല്ലൂർ ക്ഷേത്രവും പരിസരവും ആർ.എസ്.എസ്.-ന്റെയും ബി.ജെ.പി.-യുടെയും സംഘപരിവാറിന്റെയും നിയന്ത്രണത്തിലാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാറിന്റെ കാലത്ത് ക്ഷേത്ര മൈതാനം വിശ്വാസികൾക്ക് മാത്രമായി ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ

ഏർപ്പെടുത്തിയിരുന്നു. ഗുണ്ടാക്രിമിനൽ സംഘങ്ങളെ ക്ഷേത്രത്തിൽ പ്രവേശിക്കാൻ അനുവദിച്ചിരുന്നില്ല. അവിടെ സായുധ പോലീസിന്റെ തന്നെ സാന്നിധ്യമുണ്ടായിരുന്നു. എന്നാൽ അതെല്ലാം ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്. അവിടെ ക്ഷേത്രവിശ്വാസികൾക്കുപോലും കടന്നുവരാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട കൊടുങ്ങല്ലൂർ എം.എൽ.എ. ശ്രീ. ടി. എൻ. പ്രതാപൻ അടക്കം യൂത്ത്കോൺഗ്രസ്സ് നേതാക്കൾക്ക് തല്ലുകിട്ടാൻ തുടങ്ങിയപ്പോൾ സമരവുമായി മുന്നോട്ടുവന്നിട്ടുണ്ട്. അവിടെ കക്ഷിരാഷ്ട്രീയത്തിനതീതമായി ഗുണ്ടാസംഘത്തിനെ അമർച്ചചെയ്യണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നില്ല. സായുധ പോലീസിനെ ക്ഷേത്രപരിസരത്ത് വിന്യസിപ്പിച്ചുകൊണ്ട് അവിടെ ക്രിമിനൽ കുറ്റങ്ങൾ തടയാനുള്ള നടപടി സ്വീകരിക്കാനും മേലിൽ ഇത്തരം അക്രമങ്ങൾ നടക്കില്ലായെന്ന് ഉറപ്പുവരുത്താനും ജൈത്രനെ ആക്രമിച്ച ആളുകൾക്കെതിരായി ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് അവിടെ സംഘർഷമില്ലാത്ത സാഹചര്യം സൃഷ്ടിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>)**:** സർ, 18-7-2015-ന്

രാത്രി 7.15 മണിയോടെ കൊടുങ്ങല്ലൂർ തെക്കേനടയിൽ മോട്ടോർസൈക്കിളിൽ ഇരിക്കുകയായിരുന്ന സി.പി.ഐ. (എം) കൊടുങ്ങല്ലൂർ ലോക്കൽ കമ്മിറ്റി സെക്രട്ടറി ജൈത്രനെ ബി.ജെ.പി. പ്രവർത്തകരായ അനന്തു, നിതിഷ്, കണ്ടാലറിയാവുന്ന മറ്റ് രണ്ടുപേർ എന്നിവർ ചേർന്ന് തള്ളിയിട്ട് ഇരുമ്പുവടികൊണ്ടടിക്കുകയും ജൈത്രന്റെ വാരിയെല്ലിന് പൊട്ടലുൾപ്പെടെയുള്ള പരിക്കുകളേറ്റ് കൊടുങ്ങല്ലൂർ മെഡികെയർ ആശുപത്രിയിൽ ചികിത്സതേടുകയും ചെയ്തു. ഇക്കാര്യത്തിൽ IPC 341, 323, 326, 308, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1774/15 ആയി കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവത്തിന് ഏകദേശം ഒന്നര മണിക്കൂർമുമ്പ് കൊടുങ്ങല്ലൂർ ഗൗരീശങ്കർ ജംഗ്ഷനിൽവച്ച് ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന യുവമോർച്ച മേത്തല മേഖലാ വൈസ് പ്രസിഡന്റ് അനീഷ് കാർത്തികേയനെ ബൈക്കിൽ പിൻതുടർന്ന് സി.പി.ഐ.(എം) പ്രവർത്തകരായ നൗഷാദ്, നവാസ്, സുൽഫിക്കർ എന്നിവരും മറ്റൊരാളും ചേർന്ന് ബൈക്ക് തടഞ്ഞുനിർത്തി ഇടിക്കട്ടകൊണ്ട് മുഖത്തടിച്ചുംമറ്റും പരിക്കേൽപ്പിച്ചിരുന്നു. ഈ സംഗതിക്ക് IPC 343, 323, 294 (b), 308, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 1772/15 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിക്കേറ്റ അനീഷ് കാർത്തികേയൻ കൊടുങ്ങല്ലൂർ മോഡേൺ ആശുപത്രിയിൽ

ചികിത്സതേടിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രണ്ട് കേസുകളും കൊടുങ്ങല്ലൂർ പോലീസ് സബ്ഇൻസ്പെക്ടർ അന്വേഷിച്ചുവരുന്നു. ജൈത്രനെ ആക്രമിച്ച കേസിൽ അനന്തു, നിതീഷ് എന്നീ ബി.ജെ.പി. പ്രവർത്തകരെയും അനീഷ് കാർത്തികേയനെ ആക്രമിച്ച കേസ്സിലേയ്ക്ക് നൗഷാദ്, സുൽഫിക്കർ എന്നീ സി.പി.ഐ.(എം) പ്രവർത്തകരെയും അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. കൊടുങ്ങല്ലൂർ മേഖലയിൽ സി.പി.ഐ.(എം), ബി.ജെ.പി. പ്രവർത്തകർ തമ്മിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ തുടർന്നുവരുന്ന പശ്ചാത്തലത്തിൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും സ്ഥലത്ത് ശക്തമായ പോലീസ് ബന്ദവസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. K.P. Act 78, 79 (1 )എന്നീ വകുപ്പുകൾ പ്രകാരം 19-7-2015 ഉച്ചയ്ക്ക് ഒരു മണി മുതൽ 23-7-2015 രാത്രി പതിനൊന്ന് മണി വരെ ജില്ലാ പോലീസ് മേധാവി നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കുറെ നാളുകളായി ഇവിടെ സംഘട്ടനങ്ങൾ നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊടുങ്ങല്ലൂർ മേഖലയിൽ സി.പി.ഐ.(എം)-ന്റെ പോഷക സംഘടനകളും ബി.ജെ.പി. പോഷക സംഘടനകളും തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങൾമൂലം 21.07.2015 വരെ ആകെ 34 കേസുകൾ രജിസ്റ്റർ

ചെയ്തിട്ടുള്ളതാണ്. സി.പി.ഐ.(എം) പ്രവർത്തകർ വാദികളായി 20 കേസുകളും ബി.ജെ.പി. പ്രവർത്തകർ വാദികളായി 14 കേസുകളും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. മേൽ സംഭവങ്ങളിൽ 13 ബി.ജെ.പി. പ്രവർത്തകർക്കും 19 സി.പി.ഐ.(എം) പ്രവർത്തകർക്കും പരിക്കേറ്റിട്ടുണ്ട്. ഈ സംഘട്ടനങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലയളവിലും സി.പി.ഐ.(എം) പോഷക സംഘടനകളും ബി.ജെ.പി. പോഷക സംഘടനകളും തമ്മിലുണ്ടായ രാഷ്ട്രീയ സംഘട്ടനങ്ങളുമായി ബന്ധപ്പെട്ട് ബി.ജെ.പി. പ്രവർത്തകർ വാദികളായി 49 കേസുകളും സി.പി.ഐ.(എം) പ്രവർത്തകർ വാദികളായി 55 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. നിലവിൽ 21.07.2015 വരെയുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ബി.ജെ.പി. പ്രവർത്തകർ വാദികളായ 49 കേസുകളും സി.പി.ഐ.(എം) പ്രവർത്തകർ വാദികളായ 67 കേസുകളുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ആ പ്രദേശത്ത് സമാധാന അന്തരീക്ഷം ഉണ്ടാകണമെന്നതന്നെയാണ് ഗവൺമെന്റിന്റെ വ്യക്തമായ നിലപാട്. പോലീസ് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. രാഷ്ട്രീയ പാർട്ടികൾ അതിനാവശ്യമായ മന:സാന്നിദ്ധ്യ ത്തോടുകൂടിയുള്ള

പ്രവർത്തനങ്ങൾ നടത്തുകയും അവരുടെ പാർട്ടി പ്രവർത്തകരെന്നുള്ള നിലയിൽ അതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി അവിടെ സമാധാന അന്തരീക്ഷം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്.

## ആനുകൂല്യം അനുവദിക്കൽ

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, കേരളത്തിലെ ഉച്ചഭാഷിണി മേഖലയിൽ പ്രവർത്തിക്കുന്ന അസംഘടിതരായ ഉടമകൾ, ടെക്നീഷ്യൻമാർ, പരസ്യ പ്രക്ഷേപകർ, അനുബന്ധ തൊഴിലാളികൾ ഉൾപ്പെടെ ഏതാണ്ട് രണ്ട് ലക്ഷം ആളുകൾ പ്രത്യക്ഷമായും ഒരു ലക്ഷം ആളുകൾ പരോക്ഷമായും പണിയെടുക്കുന്ന മേഖലയാണ് ഉച്ചഭാഷിണി/ലൈറ്റ് ആന്റ് സൗണ്ട് മേഖല. എന്നാൽ നാളിതുവരെ ഇവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയോ ഇവരെ ഏതെങ്കിലുമൊരു സംഘടിത തൊഴിലാളി വിഭാഗമായി പരിഗണിക്കുകയോ ചെയ്തതായി കാണാൻ കഴിയുന്നില്ല. കേരളത്തിലെ രാഷ്ട്രീയ-സാമൂഹിക-സാമുദായിക-സാംസ്കാരിക മേഖലയ്ക്ക് ഒഴിച്ചുകൂടാനാവാത്ത സേവനമാണ് ഇവർ ചെയ്യുന്നത്. അവരില്ലെങ്കിൽ ഈ രാജ്യത്ത് ഒരാഘോഷവും നടക്കുകയില്ലെന്നുള്ളതാണ് സത്യം. എങ്കിലും അവരെ പൂർണ്ണമായും വിസ്മരിക്കുന്ന ഒരു സാഹചര്യമാണ്

ഇന്നുള്ളത്. ഇത്രയധികം ആളുകളുടെ ഉപജീവന മാർഗ്ഗമായ ഈ ജോലിക്ക് തൊഴിൽ വകുപ്പിന്റേയോ മറ്റേതെങ്കിലും വകുപ്പിന്റേയോ അംഗീകാരമോ പരിഗണനയോ ലഭിച്ചിട്ടില്ല. അവർക്ക് നിരവധി പ്രശ്നങ്ങളുണ്ട്. അത് വിവിധ ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് പരിഹരിക്കപ്പെടേണ്ട വിഷയമാണ്. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമെന്നുള്ള നിലയിൽ, അവരുടെ ജോലി സ്ഥിരതയില്ലായ്മ മൂലവും ക്ഷേമനിധി പോലെയുള്ള മറ്റുപദ്ധതികൾ ഇല്ലാത്തതുകൊണ്ടും ഇവർക്ക് ഒരുതരത്തിലുമുള്ള സംരക്ഷണമോ ജോലി സുരക്ഷിതത്വമോ ലഭിക്കാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് ഇവർക്ക് ക്ഷേമനിധിയും ആരോഗ്യ ഇൻഷ്വറൻസും മറ്റാനുകൂല്യങ്ങളും അനുവദിക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷൻ മുഖേന സർക്കാരിനോട് അഭ്യർത്ഥിക്കുകയാണ്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടെ ഉൾക്കൊള്ളുന്നു. പക്ഷേ പുതിയ ഒരു ക്ഷേമനിധി രൂപീകരിക്കുക എന്നുള്ളത് ഇപ്പോഴത്തെ സാഹചര്യത്തിൽ അപ്രായോഗികമാണ്. നിലവിലുള്ള ക്ഷേമനിധികളുടെ എണ്ണം കുറച്ച് അതിനെ എങ്ങനെ ശാക്തീകരിക്കാം

എന്നതിനെക്കുറിച്ചാണ് ഇപ്പോൾ പൊതുവെ ചർച്ച ചെയ്യുന്നത്. അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് വർദ്ധിക്കുന്നതുൾപ്പെടെയുള്ള കാരണങ്ങൾ കൊണ്ട് ഇപ്പോൾ പല ക്ഷേമനിധികളും പ്രവർത്തനക്ഷമമല്ല. രണ്ട് ലക്ഷം ആളുകൾ നേരിട്ടും ഒരു ലക്ഷം ആളുകൾ പരോക്ഷമായും ഈ മേഖലയിൽ ജോലി ചെയ്യുന്നുവെന്ന് അദ്ദേഹം പറഞ്ഞതുപോലെയുള്ള കണക്കുകളല്ല ലേബർ ഡിപ്പാർട്ട്മെന്റിൽ ലഭിച്ചിട്ടുള്ളത്. അത്രയും എണ്ണം തൊഴിലാളികൾ ഈ മേഖലയിൽ ഇല്ല എന്നുള്ളതാണ്. അതുകൊണ്ട് പുതിയതായി ക്ഷേമനിധി ആരംഭിക്കുന്നത് സാദ്ധ്യമല്ലെങ്കിൽപ്പോലും, കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡിന്റെ കീഴിലുള്ള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫയർ സ്കീമിന്റെ കീഴിൽ ഇവർക്ക് അംഗങ്ങളാകാനുള്ള അവസരം കൊടുക്കാം. അതുവഴി അതിലെ അംഗങ്ങൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കവറേജും ലഭിക്കുന്നതായിരിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ ആവശ്യം പരിഗണിച്ച് ആ കാര്യങ്ങൾ തീർച്ചയായും ചെയ്യാവുന്നതാണ്.

<u>തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കുന്നത്തൂർ നിയോജകമണ്ഡലത്തിലെ മാറനാട് സ്വാദി കാഷ്യൂ ഫാക്ടറിയിലെ പീലിംഗ് തൊഴിലാളികൾ

മെക്കനൈസേഷനെ തുടർന്ന് കഴിഞ്ഞ 33 ദിവസങ്ങളായി സമരരംഗ ത്താണ്. ജോലിക്ക് വന്ന തൊഴിലാളികളെ മാനേജ്മെന്റ് പോലീസിനെ ഉപയോഗിച്ച് വളരെ മൃഗീയമായി തല്ലുകയും ഇതിനെത്തുടർന്ന് പല ഗ്രാമപഞ്ചായത്ത് അംഗങ്ങളടക്കമുള്ളവർ ആശുപത്രിയിൽ അഡ്മിറ്റാകുകയും ചെയ്തിട്ടുണ്ട്. പീലിംഗ് തൊഴിലാളികളുടെ ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് അവിടത്തെ ഗ്രേഡിംഗ് തൊഴിലാളികളും ഷെല്ലിംഗ് തൊഴിലാളികളും 33 ദിവസക്കാലമായി അവരോടൊപ്പം സമരരംഗത്തുണ്ട്. ഈ തൊഴിൽ സമരം തീർക്കുന്നതിനുവേണ്ടി ഫാക്ടറിയിൽ പ്രവർത്തിക്കുന്ന INTUC, CITU, AITUC എന്നീ യൂണിയനുകൾ സംയുക്തമായി ജില്ലാ ലേബർ ഓഫീസർക്ക് രേഖാമൂലം ഡിമാന്റ് നോട്ടീസ് കൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ ലേബർ ഓഫീസർ രണ്ട് തവണ മീറ്റിംഗ് വിളിച്ചുചേർക്കുകയും ചെയ്തു. എന്നാൽ രണ്ട് മീറ്റിംഗിലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ആരും ആ യോഗത്തിൽ പങ്കെടുത്തില്ല. വളരെ നിഷേധാത്മകമായ നിലപാടുകളാണ് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും പലപ്പോഴും ഈ പാവപ്പെട്ട തൊഴിലാളികളുടെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വളരെ ഗുരുതരമായ ഒരു സ്ഥിതി വിശേഷമാണ് ആ ഫാക്ടറിയുടെ പരിസരത്തും ഫാക്ടറിയിലും ഇപ്പോൾ നിലനിൽക്കുന്നത്.

ബ്രിട്ടീഷുകാരുടെ പോലീസിനെപ്പോലെ തൊഴിലാളി കളുടെമേൽ ഇത്തരം ആക്രമണം അഴിച്ചുവിടുന്നത് ഭൂഷണമാണോ? ഇത് ശരിയല്ല. പാവപ്പെട്ട തൊഴിലാളികളുടെ അദ്ധ്വാനശേഷി വളർത്തിയെടുക്കു ന്നതിന്, ആ വ്യവസായ സ്ഥാപനത്തിന്റെയും ഒരു പ്രദേശത്തിന്റെയും ഒരു സമൂഹത്തിന്റെയും വളർച്ച ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്ന തൊഴിലാളികളെ ബോധപൂർവ്വം പോലീസിനെക്കൊണ്ട് മർദ്ദിപ്പിക്കുന്ന സമീപനം സ്വീകരിക്കുന്ന മാനേജ്മെന്റുകൾക്കെതിരായി ശക്തമായ നിലപാടുകൾ സ്വീകരിക്കണം. രണ്ടുതവണ ജില്ലാ ലേബർ ഓഫീസർ വിളിച്ചുചേർത്ത മീറ്റിംഗിൽ എന്തുകൊണ്ടാണ് മാനേജ്മെന്റിന്റെ ഒരു പ്രതിനിധി പോലും പങ്കെടുക്കാത്തത്? എന്തും ആകാമെന്നുള്ള മാനേജ്മെന്റിന്റെ ഇത്തരം നടപടികളെ അംഗീകരിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് ഈ സമരത്തിന് ശാശ്വത പരിഹാരം കാണണം. സമരരംഗത്ത് നിൽക്കുന്ന തൊഴിലാളികളെ സംരക്ഷിക്കുന്നതിനും മിനിമം വേജസ് ഉൾപ്പെടെ തൊഴിലില്ലാതെ നിൽക്കുന്നവർക്കുള്ള സഹായം ഉൾപ്പെടെ ചെയ്തുകൊടുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. അഞ്ച് രണ്ട് ദിവസത്തിനുള്ളിൽ തൊഴിലാളി പ്രതിനിധികളെയും മാനേജ്മെന്റിനെയും വിളിച്ചുചേർത്ത്

അടിയന്തരമായി ഇതിന് പരിഹാരം കാണണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ മൂന്ന് ചർച്ചകൾ ജില്ലാ ലേബർ ഓഫീസർ ലെവലിൽ നടക്കുകയും ചെയ്തു. നിർഭാഗ്യവശാൽ മാനേജ്മെന്റുകൾ ചർച്ചയിൽ പങ്കെടുത്തിട്ടില്ല. അത് നിയമത്തിന്റെ അപര്യാപ്തതയാണ്. പക്ഷേ അവരുടെ ഭാഗം വിശദീകരിച്ചുകൊണ്ടുള്ള ഒരു കത്ത് കൊടുത്തിരുന്നു. ഇവിടെയുള്ള പ്രധാന വിഷയം മെക്കനൈസേഷൻ ആണ്. കാഷ്യൂ മേഖലയിൽ മെക്കനൈസേഷൻ അനിവാര്യമായതുകൊണ്ട് വ്യവസായ വകുപ്പുതന്നെ അതിന്റെ കാര്യങ്ങൾ പഠിക്കാൻവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പഠനം നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിനുമാത്രം മോണോപ്പൊളിയായിരുന്ന വ്യവസായം ഇന്ന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. ഇന്ത്യയെക്കാൾ കൂടുതൽ പ്രൊഡ്യൂസ് ചെയ്യുന്ന നിലയിലേയ്ക്ക് വിയറ്റ്നാം മാറിയിട്ടുണ്ട്. അവിടെയൊക്കെ മെക്കനൈസേഷൻ അടക്കമുള്ള സംവിധാനമുള്ളതുകൊണ്ട് പലപ്പോഴും നമുക്ക്

അവരോടൊപ്പം മത്സരിക്കാൻ സാധിക്കാതെ പോകുന്നു. ഇപ്പോൾ ഈ വ്യവസായം തമിഴ്നാട്ടിലേയ്ക്ക് മാത്രമല്ല ആന്ധ്ര, ഗോവ അടക്കമുള്ള സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിച്ചുകഴിഞ്ഞു. പലയിടത്തും മിനിമം വേജസ് പോലും കൊടുക്കുന്നില്ല. എന്നാൽ കേരളത്തിൽ മിനിമം വേജസ് കൂടി പുതുക്കി നൽകിക്കഴിഞ്ഞപ്പോൾ വ്യവസായത്തിന് പിടിച്ചുനിൽക്കാൻ കഴിയുന്നില്ലെന്നൊരു സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. അതുകൊണ്ട് മെക്കനൈസേഷൻ ഒരു ഘട്ടം വരെ അനിവാര്യമാണ്. പക്ഷേ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതെ അതെങ്ങനെ നടപ്പിലാക്കാം എന്നുള്ളതിനെക്കുറിച്ചാണ് ഗവൺമെന്റ് ആരാഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പറും സഭയും അറിയേണ്ടതുണ്ട്. ഇപ്പോൾ പരമ്പരാഗത മേഖലയിലേയ്ക്ക് പുതുതായി തൊഴിലാളികൾ കടന്നുവരുന്നില്ല. നേരത്തെതന്നെ ഈ തൊഴിൽ രംഗത്തുണ്ടായിരുന്ന പ്രായമുള്ള ആളുകളാണ് ഇപ്പോഴും കൂടുതലായുള്ളത്. ഭാവിയിൽ തൊഴിലാളികളുടെ ക്ഷാമമുണ്ടാകുന്ന ഒരു മേഖലയായി ഇതിനെ കാണേണ്ടതുണ്ട്. അതുകൊണ്ട് തീർച്ചയായും ഈ വിഷയത്തിൽ ലേബർ ഡിപ്പാർട്ട്മെന്റ് ഇടപെട്ട് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. പോലീസ് അതിക്രമത്തെക്കുറിച്ച് മെമ്പർക്കുതന്നെ

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്. ഞാനും ആഭ്യന്തര വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അതിന്റെ കാര്യങ്ങൾ അന്വേഷിക്കാവുന്നതാണ്. പല മേഖലയിലും യന്ത്രവൽക്കരണത്തിനെയൊക്കെ അന്ധമായി എതിർത്തതിന്റെ ദുരന്തഫലം നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ മേഖലയിൽ അങ്ങനെ ഉണ്ടാകാതിരിക്കാനുള്ള ഒരു സാഹചര്യം നമുക്കെല്ലാവർക്കുംകൂടി സൃഷ്ടിക്കേണ്ടതുണ്ട്.

<u>തോട്ടങ്ങൾ ഏറ്റെടുക്കൽ</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u> സർ, പീരുമേട് നിയോജക മണ്ഡലത്തിലെ എം.എം.ജെ. പ്ലാന്റേഷന്റെ കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ തോട്ടം ഉടമ ഉപേക്ഷിച്ചുപോയിട്ട് ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ ഈ തോട്ടം തുറക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയിരുന്നു. ഈ ചർച്ചയിൽ മാനേജ്മെന്റ് പ്രതിനിധികൾ പങ്കെടുക്കുന്ന സാഹചര്യം ഉണ്ടായില്ല. ലേബർ കമ്മീഷണർ ലെവലിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ പലതവണ നടന്നെങ്കിലും മാനേജ്മെന്റ്

വിട്ടുനില്ക്കുന്ന സാഹചര്യമാണുണ്ടായത്. ഈ തോട്ടങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് അടക്കമുള്ളവർ നടത്തിയ ചർച്ചയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കൂട്ടായി പ്രഖ്യാപിച്ച ഒരു പാക്കേജിന്റെ ഭാഗമായിട്ടാണ് കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ തുറന്നു പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായത്. എന്നാൽ അത് തുടർന്നും മുന്നോട്ടു കൊണ്ടുപോകുന്ന ഒരു നിലപാട് മാനേജ്മെന്റിന്റെ ഭാഗത്തുനിന്നു ണ്ടായില്ല. അന്നത്തെ എഗ്രിമെന്റിന്റെ സാധ്യത പ്രയോജനപ്പെടുത്തി അതിന്റെ മറവിൽ ഏക്കർ കണക്കിന് ഭൂമി വില്ക്കുന്നതിനുള്ള നിലപാട് മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് അവർ സ്വീകരിക്കുകയും ചെയ്തു. ഈ തോട്ടം ഉപേക്ഷിച്ചു പോയിട്ട് ഏതാണ്ട് ഒന്നരവർഷമായി. ഈ തോട്ടം തുറക്കുന്നതിനോ ചർച്ചയിൽ പങ്കെടുക്കുന്നതിനോ ഉള്ള മനോഭാവംപോലും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. അവിടത്തെ തോട്ടം തൊഴിലാളികൾ കടുത്ത പ്രതിസന്ധിയിലാണ്. അതുകൊണ്ട് കോട്ടമല, ബോണാമി എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം പ്രതിസന്ധിയിലായ തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ആനുകൂല്യങ്ങൾ

പുനഃസ്ഥാപിക്കുന്നതിനും സൗജന്യറേഷൻ അടക്കമുള്ള കാര്യങ്ങൾ വിതരണം ചെയ്യുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകണ മെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ വിഷയത്തിൽ ലേബർ ഡിപ്പാർട്ടുമെന്റ് ലേബർ കമ്മീഷണർ ലെവലിൽ ആറ് ചർച്ചകൾ നടത്തി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെ, മാനേജ്മെന്റുകൾ ചർച്ചകളിൽ നിന്ന് വിട്ടുനില്ക്കുകയാണുണ്ടായത്. മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം, ഭൂമി വില്ക്കാനുള്ള അനുവാദം കൊടുക്കണം എന്ന ഒരു കാര്യം മാത്രമേ അനൗദ്യോഗികമായി അവർ ആവശ്യപ്പെടുന്നുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇതുപോലൊരു പ്രതിസന്ധി യുണ്ടായപ്പോൾ തൊഴിലാളി യൂണിയനുകളുമായി ഒരു ധാരണയിലെത്തി എന്ന നിലയിൽ (എന്റെ അറിവ് ശരിയാണെങ്കിൽ) 50 ഏക്കറോളം സ്ഥലം വിൽക്കുകയുണ്ടായി എന്നാണ്. അതിനുശേഷം കുറച്ചുകാലം പ്രവർത്തനം തുടരുകയും വീണ്ടും പൂട്ടുകയും, വീണ്ടും അതേ നിലയിലേക്ക് പോവുകയും ചെയ്തു. തൊഴിൽവകുപ്പിന് അനുമതി കൊടുക്കാനുള്ള അധികാരമില്ല; മാത്രമല്ല, പ്ലാന്റേഷൻ ഭാഗങ്ങളായി

മുറിച്ചുവിറ്റുകൊണ്ട് ഇത് നടത്തിക്കൊണ്ടുപോകണം എന്നുപറയുന്ന സമീപനത്തോട് യോജിക്കാനും സാധിക്കില്ല. അതുകൊണ്ടു തന്നെ ഇവരുടെ നിഷേധാത്മകമായ ഈ നിലപാട് കണ്ടുകൊണ്ട് ഈ എസ്റ്റേറ്റുകൾ Tea Act പ്രകാരം ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടാൻ ലേബർ ഡിപ്പാർട്ടുമെന്റ് തീരുമാനിച്ചിരിക്കുകയാണ്. Tea Act പ്രകാരം മാത്രമേ ഇത് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ബോണക്കാട് എസ്റ്റേറ്റിൽ അതിന്റെ സാധ്യത പരിശോധിച്ചുവരികയാണ്. ഇത് പൂർണ്ണമായി Tea ആയതുകൊണ്ട് Tea Act പ്രകാരം കേന്ദ്ര ഗവൺമെന്റ് ഏറ്റെടുക്കണമെന്നുള്ള നിർദ്ദേശം അയയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോല, പ്ലാന്റേഷൻ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങളും...... ഈ ഓണക്കാലത്ത് അവർക്ക് ആശ്വാസം പകരുന്ന നിലയിലേയ്ക്ക് കോട്ടമല, ബോണാമി എസ്റ്റേറ്റിലെ തൊഴിലാളികളെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവർക്ക് ഓണക്കാലത്ത് റിലീഫ് നല്കുന്നതായിരിക്കും.

<u>ക്യാബിനറ്റ് തീരുമാനം നടപ്പാക്കൽ</u>

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, ഇൻഡ്യയിൽ ഏറ്റവും കൂടുതൽ

മത്സ്യവിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിന് തയ്യാറാക്കുന്ന പ്രദേശം എന്ന നിലയിലാണ് ഇൻഡ്യാ ഗവൺമെന്റിന്റെ Foreign Trade Policy പ്രകാരം അരൂരിനെ 'Centre of Excellence' അഥവാ 'മികവിന്റെ പട്ടണ'മായി പ്രഖ്യാപിച്ചത്. പ്രതിവർഷം 4,500 കോടി രൂപയുടെ കയറ്റുമതിയാണ് അരൂരിൽ നിന്ന് മാത്രമായി നടത്തുന്നത്. എന്നാൽ ഈ പ്രദേശത്തെ മത്സ്യസംസ്കരണ ശാലകളിൽ നിന്ന് പുറന്തള്ളുന്ന മലിനജലം ചന്തിരൂർ-പുത്തൻതോട് ഉൾപ്പെടെയുള്ള ജലാശയങ്ങളെ മലിനീകരിക്കപ്പെടുകയും ഇത് നിമിത്തം സാംക്രമിക രോഗങ്ങൾ പടരുകയും ചെയ്യുന്നു. ഇതേത്തുടർന്ന് തദ്ദേശവാസികൾ അവിടെയുണ്ടാകുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം തേടി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ അവിടെയുള്ള എല്ലാ മത്സ്യ സംസ്കരണശാലകൾക്കും പ്രവർത്തനാനുമതി നല്കരുതെന്നുള്ള ഹൈക്കോടതി യുടെ നിരീക്ഷണത്തെത്തുടർന്ന് അവിടെ ഒരു പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് Pollution Control Board സർക്കാരിനുവേണ്ടി ഉറപ്പ് നല്കിയതുകൊണ്ടാണ് അനേകായിരംപേർ ജോലി ചെയ്യുന്ന ഈ മത്സ്യ സംസ്കരണശാലകൾ ഇപ്പോൾ പ്രവർത്തിക്കുന്നത്. മാലിന്യപ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതിന് ഒരു പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ഗൗരിയമ്മ മുൻകൈ എടുത്ത് അരൂർ, എഴുപുന്ന, കോടൻതുരുത്ത് എന്നീ പഞ്ചായത്ത് പ്രതിനിധികൾ, വ്യവസായ പ്രമുഖർ, എം.എൽ.എ., എം.പി. എന്നിവരെയൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ട് 'ACCEPT' (Aroor-Chandiroor Common Effluent Plant for Treatment) എന്ന പേരിൽ 2000-ൽ ഒരു സൊസൈറ്റി രൂപീകരിച്ച് അതിന്റെ ഉടമസ്ഥതയിൽ പണം സമാഹരിച്ച് ചന്തിരൂരിൽ 73 സെന്റ് സ്ഥലം വാങ്ങിയതാണ്. ഒരു Common Effluent Plant for Treatment സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്ക് 2007-ൽ സർക്കാർ 25 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ആ തുക സൊസൈറ്റിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതേത്തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്ലാന്റ് നിർമ്മിക്കാനുള്ള വിശദമായ പ്രോജക്ട് തയ്യാറാക്കുകയും കേന്ദ്രസഹായം സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന 'അസൈഡ്' സ്കീമിൽ നിന്ന് കിൻഫ്ര മുഖേന സംസ്ഥാന സർക്കാർ 6 കോടി രൂപ അനുവദിച്ചതുമാണ്. 2011 ഫെബ്രുവരിയിൽ ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് സ്പീച്ചിൽ 5 കോടി രൂപ ഈ പ്ലാന്റിന് അനുവദിക്കുകയും ചെയ്തു.

എന്നാൽ സർക്കാർ മാറുകയും 2011 ജൂലൈ മാസത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മാണിസാർ ബഡ്ജറ്റ് പുതുക്കി അവതരിപ്പിച്ചപ്പോൾ ആ നിർദ്ദേശം കണ്ടില്ല. അതേത്തുടർന്ന് ഞാൻ ഇവിടെ സബ്മിഷൻ ഉന്നയിക്കുകയും അന്ന് ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രി അടൂർ പ്രകാശ് പണം അനുവദിക്കുമെന്ന് നിയമസഭയിൽ സബ്മിഷന് മറുപടിയായി ഉറപ്പു നല്കിയിരുന്നതുമാണ്. 2015-ൽ ക്യാബിനറ്റ് തീരുമാനപ്രകാരം ചന്തിരൂരിൽ ഒരു പൊതുമലിനീ കരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. അതിന്റെ പത്രവാർത്തകളെല്ലാം ഇവിടെ വരികയുണ്ടായി. 2011-ൽ 'അസൈഡ്' സ്കീമിലൂടെ അനുവദിച്ച 6 കോടിരൂപ ചെലവഴിക്കാത്ത തിനെത്തുടർന്ന് തുക ഇപ്പോൾ ലഭ്യമല്ല. ആ തുക മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിച്ചു പോയി. 'അസൈഡ്' പ്രകാരം പത്തുപൈസ പുതിയ കേന്ദ്രസർക്കാർ..................

<u>മി. ചെയർമാൻ:</u> .......യെസ് ........പ്ലീസ്....... കൺക്ലൂഡ്. 2 മിനിറ്റ് സബ്മിഷൻ ആയി. അതുകൊണ്ടാണ്...സബ്മിഷന് 2 മിനിറ്റിൽ കൂടുതൽ തരാൻ പറ്റില്ല.

<u>ശ്രീ. എ. എം. ആരിഫ്:</u> ഇല്ല......രണ്ടു മിനിറ്റേ ആയുള്ളൂ. ഇപ്പോൾ ഒരു

പൈസ പോലും കേന്ദ്രസർക്കാർ തരുന്നില്ല. അവിടെ പ്ലാന്റ് സ്ഥാപിക്കുമെന്ന് പറഞ്ഞതനുസരിച്ച് വിവിധ സംഘടനകളെല്ലാം സർക്കാരിന് അഭിവാദ്യങ്ങൾ അർപ്പിച്ച് ബോർഡും മറ്റും വച്ചു. എന്നാൽ ഇപ്പോൾ ഒരു രൂപ പോലും ഫലത്തിലില്ല. ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരം 12 കോടി രൂപ വേണം. അത് മുഴുവൻ സംസ്ഥാന സർക്കാർ നല്കിയാൽ മാത്രമേ ഈ പ്ലാന്റ് ഇവിടെ നിർമ്മിക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിവിടെ സ്ഥാപിയ്ക്കുമെന്ന് പ്രഖ്യാപിച്ച സ്ഥിതിക്ക് ജനങ്ങളെല്ലാം കരുതിയിരിക്കുകയാണ്. വലിയ മാലിന്യ പ്രശ്നമാണ്; സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടുന്ന ഗുരുതരമായ സ്ഥിതി വിശേഷം ഉണ്ട്. അതുകൊണ്ട് ഏത് മാർഗ്ഗേനയെങ്കിലും പണം അനുവദിപ്പിച്ച് ഇതിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സത്വരമായി സ്വീകരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

<u>ക്യാബിനറ്റ് തീരുമാനം നടപ്പാക്കൽ</u>

ഊർജ്ജ വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: സർ, ഇതിന്റെ ചരിത്രവും കാര്യങ്ങളുമൊക്കെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. വളരെ അത്യാവശ്യമുള്ള ഒരു കാര്യമാണ് അദ്ദേഹം

ചൂണ്ടിക്കാണിച്ചത്. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലെങ്കിൽ പ്രവർത്തനാനുമതി നല്കരുതെന്നുള്ള ഹൈക്കോടതി നിർദ്ദേശത്തെ തുടർന്ന് പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കാൻ സർക്കാർ തീരുമാനിച്ചു. 2013-ൽ കേന്ദ്ര ഗവൺമെന്റ് കിൻഫ്ര മുഖേന ഇതിനുവേണ്ടി 6 കോടി രൂപ അനുവദിച്ചു. എന്നാൽ ഇതിന്റെ ആകെ എസ്റ്റിമേറ്റ് ഏകദേശം 12 കോടിയോളം രൂപ വരും. ഇപ്പോഴത്തെ സ്ഥിതി എന്താണെന്നുവച്ചാൽ, അതിന് കേന്ദ്ര സർക്കാർ എസ്.പി.വി. രജിസ്റ്റർ ചെയ്യണമെന്ന നിബന്ധന വച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാർ ഇതിനുവേണ്ടി 2000-ൽ ഒരു സൊസൈറ്റി അവിടെ രജിസ്റ്റർ ചെയ്തിരുന്ന താണ്. എന്നാൽ ഇപ്പോൾ എസ്.പി.വി. രജിസ്റ്റർ ചെയ്യാനുള്ള തീരുമാനമെടുത്ത് അതിനുള്ള നടപടികൾ കൈക്കൊണ്ടു. പക്ഷെ, കേന്ദ്രഗവൺമെന്റ് ആ 6 കോടി രൂപ ബഡ്ജറ്റിൽ നിന്ന് പിൻവലിച്ചു. കേന്ദ്ര സെക്ടറിലുള്ള സ്കീമുകൾ പലതും പിൻവലിച്ച കൂട്ടത്തിൽ ഇതും പിൻവലിച്ചു. അതുകൊണ്ട് ഇതിന്റെ മുഴുവൻ ബാധ്യതയും സംസ്ഥാന ഗവൺമെന്റുതന്നെ വഹിക്കേണ്ടിവരും. ഇത് നേരത്തെയുള്ള പദ്ധതിയായതിനാൽ തുക അനുവദിക്കണം എന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഏതായാലും ഈ പ്ലാന്റ് അവിടെ അത്യാവശ്യമാണ്. അതുകൊണ്ട് ഈ കാര്യത്തിൽ ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ചെയ്യും എന്നുമാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ.

## വിദ്യാലയങ്ങളിൽ സൗകര്യമനുവദിക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേന്ദ്ര സർക്കാരിന്റെ RMSA പദ്ധതി പ്രകാരം കേരളത്തിൽ 111 യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കി ഉയർത്തിയിരുന്നു. 2009-10 വർഷത്തിൽ 60 വിദ്യാലയങ്ങൾ അന്നത്തെ സർക്കാർ അപ്ഗ്രേഡ് ചെയ്യാൻ തെരഞ്ഞെടുത്തപ്പോൾ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന മലപ്പുറം ജില്ലയിൽനിന്ന് ഒരു സ്കൂളുപോലും തെരഞ്ഞെടുത്തിരുന്നില്ല. അന്ന് തെരഞ്ഞെടുത്ത 60 വിദ്യാലയങ്ങളിൽ 59 എണ്ണവും അപ്ഗ്രേഡ് ചെയ്തു. 2010-11-ൽ 36 വിദ്യാലയങ്ങളും 2011-12-ൽ 16 വിദ്യാലയങ്ങളും അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ 30 വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യാൻവേണ്ടി MHRD-യുടെ പരിഗണനയിലാണ്. മലപ്പുറം ജില്ലയിൽ നിന്നുള്ള 12 വിദ്യാലയങ്ങൾ ആ പട്ടികയിലുണ്ട്. ഇതിൽ ഉൾപ്പെടുന്ന താനൂർ നിയോജകമണ്ഡലത്തിലെ മീനടുത്തൂർ ഗവൺമെന്റ് ഹൈസ്കൂളിൽ കഴിഞ്ഞ വർഷം എട്ടാം ക്ലാസ്സും ഈ

വർഷം ഒമ്പതാം ക്ലാസ്സും ആരംഭിച്ചുകഴിഞ്ഞതാണ്. അദ്ധ്യാപക ബാങ്കിൽനിന്ന് താല്ക്കാലികമായി നിയമിതരായ രണ്ട് അദ്ധ്യാപകരും പി.ടി.എ. നിയമിച്ച ഗസ്റ്റ് അദ്ധ്യാപകരുമാണ് അവിടെ പഠിപ്പിക്കുന്നത്. കേന്ദ്രം അംഗീകരിച്ച 111 സ്കൂളുകൾക്ക് ഗ്രാന്റായി 50000 രൂപയും കെട്ടിടനിർമ്മാണത്തിനായി 58 ലക്ഷം രൂപയും ലഭിച്ചെങ്കിലും ഒടുവിൽ അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ച 30 സ്കൂളുകൾക്കും ഇതൊന്നും ലഭിച്ചിട്ടില്ല. 111 സ്കൂളുകളിൽ ഒരു ഹെഡ്മാസ്റ്ററുടെയും 6 അദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിച്ചിരുന്നു. എന്നാൽ ഈ സ്കൂളുകൾക്ക് ഇതൊന്നും ബാധകമല്ല. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ വിനിയോഗിച്ചാണ് ഇപ്പോൾ അവിടെ കെട്ടിടം നിർമ്മിക്കുന്നത്. ഈ സാഹചര്യത്തിൽ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ശിപാർശ ചെയ്യുകയും 8, 9 ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്ത എന്റെ നിയോജകമണ്ഡലത്തിലെ മീനടുത്തുർ ഗവൺമെന്റ് ഹൈസ്കൂൾ അടക്കമുള്ള 30 സ്കൂളുകളിൽ ഹെഡ്മാസ്റ്ററുടേയും സ്ഥിര അദ്ധ്യാപകരുടെയും തസ്തികകൾ സൃഷ്ടിച്ച് ഗ്രേഡ് ഉയർത്തിയ നടപടി സംസ്ഥാന സർക്കാർ സാധൂകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ, സംസ്ഥാനത്ത് RMSA പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനായി 2013-14-ൽ 30 സ്കൂളുകൾ ശിപാർശ ചെയ്യുകയുണ്ടായി. RMSA നോംസ് പ്രകാരം അപ്ഗ്രേഡ് ചെയ്യാനുദ്ദേശിക്കുന്ന സ്കൂളുകളിൽ എട്ടാം ക്ലാസ് സംസ്ഥാന സർക്കാരിന്റെ ചെലവിൽ ആരംഭിക്കണമെന്നാണ്. ആയതിനാൽ ഈ 30 സ്കൂളുകളിലും എട്ടാം ക്ലാസ് ആരംഭിക്കുവാൻ 07-09-2013-ലെ ജി.ഒ. (എം.എസ്) നമ്പർ 249/2013/പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. എന്നാൽ 2014-15-ലും 2015-16-ലും ഈ സ്കൂളുകൾക്ക് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് MHRD-ക്ക് ശിപാർശ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല. 2013-14 വർഷം എട്ടാം ക്ലാസ് ആരംഭിച്ച സ്കൂളുകളിൽ കുട്ടികളുടെ തുടർപഠനം ഉറപ്പുവരുത്തുന്നതിനായി 2014-15-ൽ ഒമ്പതാം ക്ലാസും 2015-16-ൽ പത്താം ക്ലാസും പ്രവർത്തിച്ചുവരികയാണ്. MHRD-യുടെ അംഗീകാരം ലഭ്യമായിട്ടില്ലാത്തതിനാൽ തസ്തിക സൃഷ്ടിക്കുകയുണ്ടായില്ല. അതുകൊണ്ടു തന്നെ ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പ്രസ്തുത 30 സ്കൂളുകളിലെ 9, 10

ക്ലാസുകൾക്ക് അംഗീകാരം നൽകിക്കൊണ്ടും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മലപ്പുറം - 12, വയനാട് - 6, കാസർഗോഡ് - 3, പാലക്കാട് - 3, ഇടുക്കി - 6 എന്നിങ്ങനെയാണ് 30 സ്കൂളുകൾ വന്നിട്ടുള്ളത്. മലപ്പുറം ജില്ലയിലെ 12 സ്കൂളുകളിലും ഇപ്രകാരം അദ്ധ്യാപകരെ നിയമിക്കപ്പെടുന്നതാണ്. കെട്ടിടം, ലാബ്, ലൈബ്രറി, ഫർണിച്ചർ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നതാണ്.

## അദ്ധ്യാപക നിയമനം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: സർ, വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജില്ലയാണ് വയനാട്. യു.പി. തലത്തിലും ഹൈസ്കൂൾ തലത്തിലും ഏറ്റവും കൂടുതൽ കൊഴിഞ്ഞുപോക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത് വയനാട് ജില്ലയിലാണ്. വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്ന സംസ്ഥാനത്താണ് ഇങ്ങനെയൊരു സ്ഥിതിയെന്ന് ഓർക്കണം. സെക്കന്ററി തലത്തിൽ ഗുണകരമായുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനാണ്

RMSA പദ്ധതി ആരംഭിച്ചത്. എന്നാൽ വയനാട് ജില്ലയിൽ RMSA സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇക്കാര്യം 09-12-2014-ൽ ഞാൻ സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നതുമാണ്. 2013-ൽ വയനാട് ജില്ലയിലെ 5 സ്കൂളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്തു. അതേ വർഷംതന്നെ സ്കൂളുകളിൽ പത്താം ക്ലാസ് ആരംഭിക്കുകയും ചെയ്തു. പദ്ധതി ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും സ്കൂളുകൾക്ക് MHRD-യുടെ അംഗീകാരം ലഭിക്കുകയോ പഠിപ്പിക്കുന്നതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുകയോ ചെയ്യാൻ സാധിച്ചിട്ടില്ല. ആദിവാസികൾ ഉൾപ്പെടെ വളരെ താഴ്ന്ന വരുമാനമുള്ളവരുടെ കുട്ടികളാണ് ഈ സ്കൂളുകളിൽ പഠിക്കുന്നത്. ഒരു സ്കൂളിൽത്തന്നെ ഏകദേശം 9 തസ്തികകൾ വേണം. അതായത് ഹെഡ്മാസ്റ്റർ-1, എച്ച്.എസ്.എ.-4, പാർട്ട് ടൈം എച്ച്.എസ്.എ.-1, ക്ലാർക്ക്-1, മറ്റുരണ്ടുപേർ. നിലവിൽ പി.റ്റി.എ.-യും പഞ്ചായത്തും ചേർന്നാണ് ഇവർക്ക് വേതനം നൽകുന്നത്. വേതനം യഥാസമയം നൽകാത്തതിനാൽ അദ്ധ്യാപകർ ഒഴിഞ്ഞുപോവുകയാണ്. സർക്കാർ ഇക്കാര്യം വളരെ ഗൗരവമായെടുത്തു എന്നറിഞ്ഞതിലും 2012-13 വർഷം വയനാട് ഉൾപ്പെടെയുള്ള 5 ജില്ലകളിൽ തുടങ്ങിയ 30

RMSA സ്കൂളുകൾക്ക് 94 തസ്തികകൾ സൃഷ്ടിച്ച് കഴിഞ്ഞ ദിവസം ഉത്തരവ് ഇറക്കിയെന്നറിഞ്ഞതിലും വലിയ സന്തോഷമുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ രണ്ട് കാര്യങ്ങൾക്ക് കൂടി വ്യക്തത വേണം. ഹെഡ്മാസ്റ്ററുടെ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചും ഓരോ ജില്ലയിലേയ്ക്കും എത്ര അദ്ധ്യാപകരെ നൽകുന്നു എന്നത് സംബന്ധിച്ചും വ്യക്തത വരുത്തണം. വയനാട് ജില്ലയിലെ അദ്ധ്യാപക ബാങ്കിൽ ഒരു അദ്ധ്യാപകനുമില്ലാത്തതിനാൽ വയനാട് ജില്ലയിലെ RMSA സ്കൂളുകൾക്ക് ആവശ്യമായ അദ്ധ്യാപകരെ 14-07-2015-ലെ ഉത്തരവുപ്രകാരം സൃഷ്ടിക്കപ്പെട്ട തസ്തികയിൽനിന്നും നിയമിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, RMSA പദ്ധതിപ്രകാരം അപ്ഗ്രേഡ് ചെയ്യുന്നതിനായി 2013-14 വർഷം MHRD-യ്ക്ക് മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ച 30 സ്കൂളുകളിൽ ഉൾപ്പെട്ടതാണ് വയനാട് ജില്ലയിലെ 6 സ്കൂളുകൾ. എന്നാൽ ഈ 30 സ്കൂളുകൾക്കും നാളിതുവരെ MHRD-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. RMSA-യുടെ 2013-14-ലെ വാർഷിക പദ്ധതിയിൽ 30 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് MHRD-ക്ക് പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ പ്രസ്തുത സ്കൂളുകളിൽ എട്ടാം ക്ലാസ്

നിലവിലില്ല എന്ന കാരണത്താൽ അംഗീകാരം നൽകിയില്ല. ആയതിനാൽ സർക്കാർ ഈ 30 സ്കൂളുകളിലും എട്ടാം ക്ലാസ് ആരംഭിച്ച് പ്രവർത്തിക്കുന്നതിന് 07-09-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 249/2013/പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മേല്പറഞ്ഞ 30 സ്കൂളുകളിൽ 2013-14 അദ്ധ്യയന വർഷം മുതൽ എട്ടാം ക്ലാസ് ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്കൂളുകളിലെ കുട്ടികൾ ഈ അദ്ധ്യയന വർഷം പത്താംതരത്തിലാണ്. എട്ടാം ക്ലാസ് ആരംഭിച്ച പ്രസ്തുത 30 സ്കൂളുകളുടെ അംഗീകാരത്തിനായി തുടർന്നും 2014-15, 2015-16 വർഷങ്ങളിലെ RMSA-യുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രഡേഷന് ശ്രമിച്ചുവെങ്കിലും MHRD-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. എങ്കിലും എട്ടാം ക്ലാസ് പ്രവർത്തിക്കാൻ അനുമതി നൽകിയതിന്റെ ഫലമായി 2014-15-ൽ ഒമ്പതാം ക്ലാസ്സും 2015-16 -ൽ പത്താം ക്ലാസ്സും പ്രവർത്തിച്ചുവരികയാണ്. മതിയായ തസ്തിക സൃഷ്ടിക്കാത്തതിനാൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുവാൻ കഴിഞ്ഞിരുന്നില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 14-07-2015-ലെ ജി.ഒ.(എം.എസ്) നമ്പർ 187/2015/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത സ്കൂളുകളിലെ 9, 10 ക്ലാസുകൾക്ക് സംസ്ഥാന സർക്കാർ

അംഗീകാരം നൽകുകയും അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. വയനാട് ജില്ലയിലെ 6 സ്കൂളുകളാണ് ഇതിലുള്ളത്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള സ്കൂളുകളിൽ MHRD-യുടെ അംഗീകാരം ലഭിക്കുന്നതിനായി വീണ്ടും കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. ഓരോ സ്കൂളിനും ആവശ്യമായ ഹെഡ്മാസ്റ്റർ, മറ്റ് അദ്ധ്യാപകർ എന്നിവരെയൊക്കെ ഇപ്പോൾ ക്രിയേറ്റുചെയ്തിട്ടുള്ള പോസ്റ്റുകളിൽ നിയമിക്കാൻ ബന്ധപ്പെട്ട ഉപഡയറക്ടർമാർക്ക് അധികാരമുള്ളതിനാൽ അവർക്കത് ചെയ്യാവുന്നതാണ്. അത് ഉറപ്പു വരുത്തുന്നതാണ്.

ഗൾഫ് രാജ്യങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ സ്കൂൾ അനുവദിക്കൽ

ശ്രീ. അൻവർ സാദത്ത് : സർ, പല പരിപാടികളുമായി ബന്ധപ്പെട്ട് വിദേശത്ത് ചെല്ലുമ്പോൾ അവിടത്തെ പ്രവാസി മലയാളികൾ ആവശ്യപ്പെട്ട ഒരു പ്രധാന വിഷയമാണ് ഞാൻ സഭയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. എന്നോടുമാത്രമല്ല വിദേശത്ത് പോകുന്ന പല ജനപ്രതിനിധികളോടും വിദേശ മലയാളികൾ നിരന്തരം ആവശ്യപ്പെടുന്ന ഒരു കാര്യമാണിത്. നമ്മുടെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പ്രവാസി സമൂഹം. പൊള്ളുന്ന വെയിലിനേയും

മറ്റ് കാലാവസ്ഥാ ബുദ്ധിമുട്ടുകളേയും അതിജീവിച്ച് അവർ നടത്തുന്ന കഠിനാധ്വാനത്തിലൂടെ ഒരു വർഷം നമുക്ക് 73000 കോടിയോളം രൂപയാണ് ലഭിക്കുന്നത്. വർഷങ്ങളോളം കുടുംബത്തിനും നാടിനുംവേണ്ടി കഷ്ടപ്പെടുന്ന പ്രവാസി മലയാളികൾ, ഏതെങ്കിലും തരത്തിൽ കുടുംബത്തോടൊപ്പം നിൽക്കണമെന്ന് വിചാരിക്കുമ്പോഴും മക്കളുടെ വിദ്യാഭ്യാസം വെല്ലുവിളി കളുയർത്തുന്നത് വലിയൊരു പ്രശ്നമാണ്. നമുക്ക് അവരെ സഹായിച്ചുകൂടേ? കുറഞ്ഞ നിരക്കിൽ പ്രവാസി മലയാളികളുടെ മക്കളെ പഠിപ്പിക്കുന്നതിനായി സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള സ്കൂൾ വിദേശത്ത്, പ്രത്യേകിച്ച് ഗൾഫ് നാടുകളിലെങ്കിലും ആരംഭിക്കാൻ സർക്കാർ തീരുമാനമെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. നിലവിൽ മലയാളികളുൾപ്പെടെയുള്ളവർ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗൾഫ് രാജ്യങ്ങളിലും മറ്റ് വിദേശ രാജ്യങ്ങളിലുമുണ്ട്. ഭൂരിഭാഗം മലയാളികളും വളരെ തുച്ഛമായ ശമ്പളത്തിലാണ് അവിടെ ജോലി ചെയ്യുന്നത്. അവിടത്തെ സ്കൂളുകളിൽ അമിതമായ ഫീസ് ഈടാക്കുന്നതുകൊണ്ട് അവർക്ക് കുടുംബത്തോടൊപ്പം താമസിച്ച് അവരുടെ കുട്ടികളെ അവിടെ പഠിപ്പിക്കുവാനുള്ള ഒരു സാഹചര്യം ഇല്ലാതെ വരുന്നു. അമിതമായ ഫീസ് ഒഴിവാക്കി സ്റ്റേറ്റ് സിലബസ് അനുസരിച്ചുള്ള വിദ്യാഭ്യാസം

അവിടെ നടപ്പിലാക്കിക്കൊണ്ടും പുതിയ വിദ്യാലയം ആരംഭിച്ചുകൊണ്ടും അവിടത്തെ പാവപ്പെട്ട മലയാളികൾക്ക് അവരുടെ മക്കളോടും കുടുംബത്തോടുമൊപ്പം ആ രാജ്യത്ത് ജീവിക്കുവാനുള്ള ഒരു സാഹചര്യം ഉണ്ടാക്കിക്കൊടുക്കാൻ ഗവൺമെന്റ് പ്രത്യേകം താല്പര്യമെടു ക്കണം. അവർ നമ്മുടെ സമ്പദ്ഘടനയ്ക്ക് നല്ലൊരു വരുമാനമുണ്ടാക്കി ത്തരുമ്പോൾ, തിരിച്ച് അവരെ അവിടെ നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം, അവരുടെ കുടുംബത്തോടൊപ്പം താമസിക്കുകയെന്നത് ഏറ്റവും വലിയ സന്തോഷമുള്ള കാര്യമാണ്. പ്രവാസി മലയാളികളോട് പ്രത്യേക താല്പര്യമുള്ള യു.ഡി.എഫ്. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തൊക്കെ പ്രായോഗികമായ ബുദ്ധിമുട്ടുകളുണ്ടായാലും അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് അവിടെ വിദ്യാലയം തുടങ്ങുവാനുള്ള ഒരു തീരുമാനമെടുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, കേരളത്തിൽ നിന്നും ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ മലയാളികൾ

ജോലി ചെയ്തുവരുന്നുണ്ട്. അതിൽ വലിയൊരു വിഭാഗം ഗൾഫ് മേഖലയിലാണ് ജോലി ചെയ്തുവരുന്നത്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന മലയാളികളുടെ കുട്ടികളെ പഠിപ്പിക്കുന്നതിന് സംസ്ഥാന സിലബസിൽ സർക്കാർ ഉടമസ്ഥതയിൽ സ്കൂൾ തുടങ്ങുന്നതിന് സാങ്കേതികവും ഭരണപരവുമായ നിരവധി കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്. സർക്കാരിന്റെ നിയന്ത്രണത്തിൽ മറ്റൊരു രാജ്യത്ത് സ്കൂൾ തുടങ്ങുന്നതിനും നിയന്ത്രിക്കുന്നതിനും നിയമപരവും നയതന്ത്രപരവുമായ പല തടസ്സങ്ങളുമുണ്ട്. കേരള വിദ്യാഭ്യാസ നിയമങ്ങളും ചട്ടങ്ങളും പ്രകാരമാണ് വിദ്യാഭ്യാസാവാശ്യകത കണ്ടെത്തി ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾ അനുവദിക്കുന്നത്. വിദേശ രാജ്യങ്ങളിൽ സ്കൂളുകൾ അനുവദിക്കുന്നതിന് നിലവിൽ പ്രത്യേക വ്യവസ്ഥകളൊന്നും തന്നെയില്ല. മാത്രവുമല്ല, ഇത്തരത്തിൽ വിദേശരാജ്യങ്ങളിൽ വിദ്യാഭ്യാസാവശ്യകത ഉണ്ടോയെന്നും

വിലയിരുത്തപ്പെട്ടിട്ടില്ല. ഗൾഫ് രാജ്യങ്ങളിൽ നിലവിലുള്ള സംസ്ഥാന സിലബസ് പിന്തുടരുന്ന അംഗീകൃത സ്കൂളുകളിൽ കുട്ടികൾ ക്രമേണ കുറഞ്ഞുവരുന്നതായാണ് കഴിഞ്ഞ അഞ്ചുവർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. മറ്റുസിലബസുകളിൽ കുട്ടികളെ പഠിപ്പിക്കുന്നതിന് മാതാപിതാക്കൾ താൽപ്പര്യം കാണിക്കുന്നതിനാലാണിത്. മേൽപറഞ്ഞ സാഹചര്യത്തിൽ ഗൾഫ് നാട്ടുകളിൽ സംസ്ഥാന സിലബസിൽ സർക്കാർ ഉടമസ്ഥതയിൽ സ്കൂൾ ആരംഭിക്കുന്നതിന് സാമ്പത്തിക ബാദ്ധ്യതയും പ്രായോഗിക ബുദ്ധിമുട്ടും കണക്കിലെടുക്കുമ്പോൾ നടപ്പിലാക്കാൻ കഴിയുന്ന നിർദ്ദേശമല്ലെന്ന് സർക്കാർ വിലയിരുത്തുന്നു. മാത്രമല്ല, ഈ ആവശ്യം പരിഗണിക്കപ്പെടുകയാണെങ്കിൽ ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള മലയാളികളും ഇതേ ആവശ്യം ഉന്നയിക്കുകയും ആയത് വളരെയേറെ സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കുന്നതുമാണ്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ഉന്നയിച്ച സ്ഥിതിക്ക്, ഇത് തുടങ്ങുന്നതിനുവേണ്ടി

എന്തൊക്കെ കാര്യങ്ങൾ നമ്മൾ ചെയ്യേണ്ടിവരും എന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

## ബസ് സ്റ്റാന്റിന്റെ അപര്യാപ്തത പരിഹരിക്കൽ

ശ്രീ. കെ. രാജു: സർ, പുനലൂരിലെ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഉദ്ദേശം നൂറുവർഷത്തോളം പഴക്കമുള്ളതാണ് പുനലൂർ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ. നേരത്തെ ഡിപ്പോയായിരുന്നു. പിന്നീടത് സബ് ഡിപ്പോയായി തരംതാഴ്ത്തപ്പെട്ടു. നൂറോളം സർവ്വീസുകൾ ഉണ്ടായിരുന്നതിൽ പലതും വെട്ടികുറച്ചു. പുനലൂർ ഡിപ്പോയിൽനിന്നും എക്സ്പ്രസ് സർവ്വീസുകളും അന്തർ സംസ്ഥാന സർവ്വീസുകളും നടത്തിയിരുന്നു. പുനലൂർ മണ്ഡലത്തിൽപ്പെട്ട പുനലൂർ, ആര്യങ്കാവ്, കുളത്തൂപ്പുഴ എന്നീ ഓപ്പറേറ്റിംഗ് സെന്ററുകളിൽനിന്നും കൂടുതൽ ബസുകൾ

ആരംഭിക്കുന്നതിനുവേണ്ട കത്തുകൾ നിരവധി തവണ ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ടെങ്കിലും അതൊന്നും പരിഗണിക്കപ്പെട്ടിട്ടില്ല. പുനലൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് ദിവസവും ധാരാളം ആളുകൾ വന്നുപോകുന്നുണ്ട്. അവരുടെ ആവശ്യംകൂടി പരിഗണിച്ചുകൊണ്ട് ഒരു ലോ ഫ്ലോർ എ.സി. ബസ് അനുവദിക്കണം. കൂടാതെ പുനലൂരിൽനിന്നും അതിർത്തി പ്രദേശങ്ങളായ മധുര, കന്യാകുമാരി, പാലക്കാട് വഴി കോയമ്പത്തൂരിലേയ്ക്കും അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കണം. ഒരു പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രം എന്ന നിലയിൽ കുളത്തൂപ്പുഴയിൽനിന്നും വർക്കല ക്ഷേത്രത്തിലേയ്ക്ക് ഒരു ഫാസ്റ്റ് പാസഞ്ചർ ബസ് ആരംഭിക്കണമെന്നത് അവിടത്തെ ജനങ്ങളുടെ ഏറ്റവും വലിയ ആവശ്യമാണ്. ആര്യങ്കാവിൽനിന്നും കൊല്ലത്തേയ്ക്ക് അഞ്ചൽ വഴി ഓർഡിനറി ബസ് സർവ്വീസ് ഇപ്പോൾ ഇല്ല. അതും ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇതിനെക്കാളെല്ലാം പരിതാപകരം, പുനലൂർ ബസ് സ്റ്റാന്റിന്റെ ഒത്ത നടുവിലാണ് കെ.എസ്.ആർ.ടി.സി.യുമായി ബന്ധപ്പെട്ടിട്ടുള്ള മൂത്രപ്പുര

സ്ഥാപിച്ചിരിക്കുന്നത്. അത് അവിടെനിന്നും പൊളിച്ചുമാറ്റി പിറകുവശത്ത് എവിടെയെങ്കിലും സ്ഥാപിക്കണമെന്ന് നിരവധി തവണ ബന്ധപ്പെട്ട ആളുകളോട് ആവശ്യപ്പെട്ടെങ്കിലും നടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിൽ എം.ഡി. അടക്കമുള്ള ഉദ്യോഗസ്ഥന്മാർ സ്റ്റാന്റിൽ എത്തി പരിശോധന നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ എം.ഡി. ഇതുവരെ സ്ഥലത്ത് വരികയോ മറ്റുദ്യോഗസ്ഥരെ അങ്ങോട്ടേയ്ക്ക് അയയ്ക്കുകയോ ചെയ്തിട്ടില്ല. നിർമ്മിച്ചിട്ടിരിക്കുന്ന കെട്ടിടവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയും കെ.എസ്.ആർ.ടി.സി.യും തമ്മിൽ ഒരു തർക്കം ഉണ്ട്. ആ തർക്കം പരിഹരിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേംബറിൽ വച്ച് ചർച്ചകൾ നടത്തിയത്. ആ ചർച്ചയിൽ ചില ധാരണകൾ മന്ത്രി ഉണ്ടാക്കിയെങ്കിലും അത് ഇംപ്ലിമെന്റ് ചെയ്യാൻ കെ.എസ്.ആർ.ടി.സി.യുടെ ഉദ്യോഗസ്ഥന്മാർ ഇതുവരെ അങ്ങോട്ട് വന്നിട്ടില്ല. ഈ പരിതാപകരമായ അവസ്ഥയ്ക്ക് പരിഹാരം കാണണം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഡിപ്പോയും സബ് ഡിപ്പോയും തമ്മിലുള്ള വേർതിരിവ് ഇപ്പോഴില്ല. വണ്ടികളുടെയും ഷെഡ്യൂളുകളുടെയും നമ്പരുകൾ അനുസരിച്ച് മാക്സിമം അവരെ പ്രോത്സാഹിപ്പിച്ച് നിലനിർത്തുന്നതിനുള്ള നടപടിയാണ് എടുത്തുവരുന്നത്. പുനലൂരിൽ, ഒരു സൂപ്പർഫാസ്റ്റ്, ഒരു ഷെഡ്യൂളും ഒരു ബസും ഉണ്ട്. ഫാസ്റ്റ് പാസഞ്ചർ -19 ഷെഡ്യൂളുകളും 15 ബസുകളും ഉണ്ട്. ഓർഡിനറി - 52 ഷെഡ്യൂളുകളും 53 ബസുകളും ഉണ്ട്. ആകെ അവിടെ 72 ഷെഡ്യൂളുകളും 69 ബസുകളും ഉണ്ട്.

അങ്ങ് ഇവിടെ എഴുതിത്തന്നിരുന്നതിൽ കുളത്തുപ്പുഴ-ആര്യങ്കാവിനെ കുറിച്ചും സൂചിപ്പിച്ചിരുന്നു. കുളത്തുപ്പുഴ, ഫാസ്റ്റ് പാസഞ്ചർ - 6 ഷെഡ്യൂളുകളും 6 ബസുകളും ഉണ്ട്. ഓർഡിനറി - 24 ഷെഡ്യൂളും 28 ബസുകളും ഉണ്ട്. മൊത്തത്തിൽ 30 ഷെഡ്യൂളുകളും 34 ബസുകളും ഉണ്ട്. ആര്യങ്കാവിൽ, ഫാസ്റ്റ് പാസഞ്ചർ - 6 ഷെഡ്യൂളുകളും 6 ബസുകളും ഉണ്ട്. ഓർഡിനറി 12 ഷെഡ്യൂളുകളും 13 ബസുകളും ഉണ്ട്. മൊത്തത്തിൽ 18 ഷെഡ്യൂളുകളും

19 ബസുകളും ഉണ്ട്. അവരുടെ റിക്കോർഡ്സ് അനുസരിച്ച് ഷെഡ്യൂളുകളുടെയും ബസ്സുകളുടെയും ആകെ പ്രൊപ്പോഷനാണ് ഇത്. അതുസംബന്ധിച്ച് കാര്യമായ തർക്കം ഉണ്ടാകില്ല. ഇതുസംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടി എടുക്കാവുന്നതാണ്.

പുനലൂർ മുനിസിപ്പാലിറ്റിയുമായിട്ടുള്ള തർക്കമാണ് രണ്ടാമത്തെ പ്രശ്നം. ആ തർക്കം പരിഹരിക്കുന്നതിന് അങ്ങുതന്നെ നേതൃത്വം കൊടുത്തുകൊണ്ട് ചർച്ച നടത്തിയ വിവരം എനിക്കറിയാം. അവസാനം ഞാൻതന്നെ അങ്ങയുടെ ആഗ്രഹപ്രകാരമാണ് ചേംബറിൽ യോഗം വിളിച്ചുചേർത്തത്. ആ യോഗത്തിൽ വച്ച് ചില നടപടികൾ എടുക്കാമെന്ന് പറഞ്ഞു. ചില അശാസ്ത്രീയതകൾ ഉണ്ടെന്ന് അങ്ങുതന്നെ സൂചിപ്പിച്ചു. ആ അശാസ്ത്രീയത പരിഹരിക്കുന്നതിനുവേണ്ട നടപടിയെടുക്കണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. ആ നിർദ്ദേശം അനുസരിച്ച് നടപടി തുടരുന്നില്ലായെന്ന് അങ്ങ് പറഞ്ഞത് ഞാൻ വാക്കാൽതന്നെ ഉൾക്കൊള്ളുന്നു. അത് സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തുകൊണ്ട് നടന്നില്ലായെന്ന്

പരിശോധിക്കുന്നതാണ്.

## മിനി ഫിഷിംഗ് ഹാർബർ

ശ്രീ. ജി. എസ്. ജയലാൽ: സർ, കൊല്ലം ജില്ലയിൽ പരവൂർ തെക്ക് ഭാഗത്ത് ഒരു മിനി ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്ന പ്രഖ്യാപനം വന്നിട്ട് ഇരുപത്തിയഞ്ച് വർഷമായി. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ തറക്കല്ലിട്ടെങ്കിലും ഒന്നുമായില്ല. ഇപ്പോൾ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതിന് കൃത്യമായ സ്ഥലം നിർണ്ണയിക്കുകയും മാതൃകാപഠനം നടത്തുന്നതിന് ഗവൺമെന്റ് പണം അനുവദിക്കുകയും പൂനെ ആസ്ഥാനമായി നടത്തുന്ന ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പഠനം നടത്തുകയുമാണ്. പരിസ്ഥിതി ക്ലിയറൻസ് ഉൾപ്പെടെയുള്ള മറ്റുകാര്യങ്ങളെല്ലാം വൈകുകയാണ്. മിനി ഫിഷിംഗ് ഹാർബർ എന്ന രീതിയിലാണ് പദ്ധതി ആവിഷ്ക്കരിച്ച് മുന്നോട്ടുപോയതെങ്കിലും, ആഴക്കടൽ മത്സ്യബന്ധനത്തിന് ആവശ്യമായ പ്രകൃതിജന്യ സൗകര്യമുള്ള സ്ഥലമാണിതെന്നാണ് പ്രാഥമിക പഠനത്തിൽ നിന്നും മനസ്സിലാകുന്നത്. ദീർഘനാളുകളായിട്ടുള്ള ഒരു ആവശ്യമായ ഈ

ഫിഷിംഗ് ഹാർബർ യാഥാർത്ഥ്യമാക്കുന്നതിനും സമയബന്ധിതമായി പണി ആരംഭിക്കുന്നതിനും ഗവൺമെന്റ് സത്വരനടപടികൾ സ്വീകരണമെന്നാണ് അഭ്യർത്ഥിക്കുന്നത്. എന്നത്തേയ്ക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നതും ജനങ്ങളുടെയിടയിൽ ഒരു ആശങ്ക ഉയർത്തുന്ന പ്രശ്നമാണ്. അടിയന്തരമായി ഗവൺമെന്റ് ഈ വിഷയത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, സൗത്ത് പരവൂർ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായി 30.03.2013-ൽ 40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ 81 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ഇപ്പോൾ നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന പൂർത്തീകരിക്കും. മാതൃകാപഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ്.-നെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. മാതൃകാപഠനം നാലുമാസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മാതൃകാപഠനത്തിനുശേഷം പത്തുമാസം നീണ്ടുനിൽക്കുന്ന പരിസ്ഥിതി പഠനം നടത്തേണ്ടതായിട്ടുണ്ട്. പാരിസ്ഥിതികാനുമതി ലഭിച്ചാൽ മാത്രമേ പദ്ധതിയുടെ അനുമതിക്കായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രസർക്കാരിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ജയലാൽ പറഞ്ഞ ഈ പ്രശ്നം വളരെ പ്രാധാന്യമുള്ളതാണ്. എന്നാൽ ഇരുപത്തിയഞ്ച് വർഷത്തിനുമുൻപ് കല്ലിട്ട കാര്യം പറഞ്ഞു, അത് എന്റെ ശ്രദ്ധയിൽ ഇല്ല. ഇരുപത്തിയഞ്ച് കൊല്ലം മുൻപ് ഹാർബറുകൾ നിർമ്മിക്കുന്നതിന് പാരിസ്ഥിതിക പഠനമോ അല്ലെങ്കിൽ ഇതുപോലുള്ള മറ്റു പഠനമോ ആവശ്യമുണ്ടായിരുന്നില്ല. ഇപ്പോഴാണ് ഈ പ്രശ്നങ്ങളെല്ലാം വന്നത്. ഇതൊന്നും ആവശ്യമില്ലാത്ത കാലത്തായിരിക്കും ഈ വകുപ്പ് കൈകാര്യം ചെയ്ത അന്നത്തെ മുഖ്യമന്ത്രി കല്ലിട്ടിട്ടുള്ളത്. ഇന്നത്തെ സാഹചര്യത്തിൽ പരിസ്ഥിതി പഠനവും മോഡൽ സ്റ്റഡിയും ആവശ്യമാണ്. അതിന് ഈ ഗവൺമെന്റ് ഏറ്റവും മുന്തിയ പരിഗണന നൽകിയിട്ടുമുണ്ട്.

## പാക്കേജ് ആരംഭിക്കൽ

ശ്രീമതി ജമീലാ പ്രകാശം : സർ, കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണപ്രവർത്തണം സമാരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതിന് മുന്നോടിയായി പദ്ധതി പ്രദേശത്തുണ്ടാകാൻ പോകുന്ന പരിസ്ഥിതി വ്യതിയാനത്തെയും അതുവഴി ആവാസഥവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളേയും പറ്റി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ പദ്ധതി നിർമ്മാണം പുരോഗമിക്കുന്നതിന് സമാന്തരമായിതന്നെ സുസ്ഥിര പ്രാദേശിക വികസനത്തിനും ആവാസവ്യവസ്ഥയുടെ ആരോഗ്യകരമായ നിലനിൽപ്പിനും സംരക്ഷണത്തിനുമായി സർക്കാർ ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളെപ്പറ്റി വിശദമാക്കുകയും ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണത്തിന് ആവശ്യമായി വരുന്ന 7500 കോടിയിൽപരം രൂപയുടെ അഞ്ച് ശതമാനമെങ്കിലും ഈ വിധം സുസ്ഥിര പ്രാദേശിക വികസനം, ആവാസ വ്യവസ്ഥയുടെ സംരക്ഷണം, പുനരധിവാസം

തുടങ്ങിയവയ്ക്കായി നീക്കിവയ്ക്കേണ്ടതുണ്ട്. എന്നാൽ നീക്കിവയ്ക്കുന്നതായി ഇപ്പോൾ പറഞ്ഞിരിക്കുന്നത് 140 കോടി രൂപ മാത്രമാണ്. നമ്മുടെ രാഷ്ട്രത്തിന് ഈ വിവിധോദ്ദേശ്യ ആഴക്കടൽ തുറമുഖ പദ്ധതികൊണ്ടുണ്ടാകുന്ന വമ്പിച്ച നേട്ടങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈ തുക മൂന്നിരട്ടിയായെങ്കിലും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഇപ്രകാരം നിർമ്മിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രാദേശിക വികസന സംരക്ഷണ പുനരധിവാസ പദ്ധതികളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പാക്കേജ് ഉടൻതന്നെ പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു. വസ്തു നഷ്ടപ്പെടുന്നവർക്കും തൊഴിൽചെയ്യാനുള്ള സാഹചര്യം നഷ്ടപ്പെടുന്നവർക്കും കൊടുക്കാനുള്ള പ്രതിഫലത്തെപ്പറ്റി മാത്രമാണ് ഇപ്പോൾ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നാണ് ഗവൺമെന്റിന്റെ പ്രസ്താവനകളിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. എൻവയോൺമെന്റ് മോണിറ്ററിംഗ് പ്ലാനിനും കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതയ്ക്കുംവേണ്ടി ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ വിശദമായ സ്വഭാവവും പദ്ധതിച്ചെലവും സമയബന്ധിതമായ പൂർത്തീകരണവും സംബന്ധിച്ചുള്ള വിവരങ്ങൾ പ്രഖ്യാപനത്തിൽ

ഉണ്ടായിരിക്കേണ്ടതാണ്. മാത്രവുമല്ല, തുറമുഖനിർമ്മാണത്തിന് നിയുക്തരായിരിക്കുന്ന അദാനി പോർട്ട്സ് ആന്റ് സ്പെഷ്യൽ ഇക്കണോമിക് സോൺ ലിമിറ്റഡ് എന്ന കമ്പനിയുമായി ഈ വരുന്ന ചിങ്ങമാസം ഒന്നാം തീയതി ഏർപ്പെടുവാൻ ഉദ്ദേശിച്ചിട്ടുള്ള കൺസഷൻ എഗ്രിമെന്റ് എന്ന് വിളിക്കപ്പെടുന്ന കരാറിൽ ഈ പാക്കേജുകൂടി നിർബന്ധമായും ഉൾക്കൊള്ളിക്കുവാൻ സർക്കാർ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ 2015-ലെ പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 7525 കോടി രൂപയിൽ പദ്ധതിയുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ചെലവിടേണ്ടത് 2690 കോടി രൂപയാണ്. 2013-ൽ നടത്തിയ പാരിസ്ഥിതിക പഠന റിപ്പോർട്ടിൽ നിർദ്ദേശിക്കുന്നപ്രകാരം പാരിസ്ഥിതിക പരിപാലനത്തിനും സാമൂഹിക പ്രതിബദ്ധതാപ്രവർത്തങ്ങൾക്കുമായി 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ 80 കോടി രൂപ കൂടി സാമൂഹിക

പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്. മൊത്തം 220 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സംസ്ഥാന സർക്കാർ ചെലവിടുന്ന തുകയുടെ 8.2 ശതമാനത്തോളംവരും. ഇതിൽ 40 കോടി രൂപ നിർമ്മാണസമയത്തെ പരിസ്ഥിതി പരിപാലനത്തിനും 180 കോടി രൂപ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമായിട്ടാണ് വകയിരുത്തിയിട്ടുള്ളത്. 180 കോടി രൂപയിൽ 96 കോടി രൂപ മത്സ്യബന്ധന നിർമ്മാണത്തിനും 84 കോടി രൂപ മറ്റ് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമാണ്. സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളിൽ കുടിവെള്ള പദ്ധതി, മത്സ്യബന്ധനതുറമുഖം, മത്സ്യസംസ്കരണപാർക്ക്, ലൊജിസ്റ്റിക് ട്രെയിനിംഗ്സെന്റർ, കരമാലിന്യ സംസ്കരണം, മുല്ലൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ, ആരോഗ്യരക്ഷാ പ്രവർത്തനങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പ്രതിബദ്ധതാപ്രവർത്തനങ്ങൾക്ക് 2013 ഏപ്രിൽ മാസത്തിൽ കുടിവെള്ളപദ്ധതിയുടെ ഉദ്ഘാടനത്തോടെ തുടക്കമിട്ടു. 7 കോടി രൂപ ചെലവിട്ട് നടപ്പിലാക്കിയ 3.3 എം.എൽ.ഡി. ശേഷിയുള്ള ജലവിതരണ

പദ്ധതിയിൽ നിന്നും 1.5 എം.എൽ.ഡി. വെള്ളം വിഴിഞ്ഞം നിവാസികൾക്ക് നൽകിവരുന്നുണ്ട്. പദ്ധതിയുടെ നിർമ്മാണ നടത്തിപ്പ് കാലഘട്ടത്തിൽ ഉപജീവനമാർഗ്ഗത്തെ ബാധിക്കുന്ന തദ്ദേശവാസികൾക്ക് 8.6 കോടി രൂപയുടെ പുനരധിവാസ പാക്കേജ് പരിസ്ഥിതി പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 250-ഓളം കക്കവാരൽ തൊഴിലാളികളേയും 75-ഓളം കമ്പോല തൊഴിലാളികളേയും സ്ഥിരമായി പുനരധിവസിപ്പിക്കുന്നതിനും 2000-ഓളം മറ്റ് മത്സ്യത്തൊഴിലാളികളെ നിർമ്മാണ കാലഘട്ടത്തിൽ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതിനും പാക്കേജിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ആർ.ഡി.ഒ. ചെയർമാനും ഫിഷറീസ് വകുപ്പ് ജോയിന്റ് ഡയറക്ടർ കൺവീനറുമായി ഒരു അഞ്ചംഗ കമ്മിറ്റിയെ സംസ്ഥാന സർക്കാർ ഇതിനകംതന്നെ നിയോഗിച്ചുകഴിഞ്ഞു. ജില്ലാ കളക്ടർ ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായി മറ്റൊരു അഞ്ചംഗ അപ്പീൽ കമ്മിറ്റിയും സർക്കാർ 20.7.2015-ന് രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്ന 2015 നവംബർ

ഒന്നിനോ അതിനുമുമ്പോ തന്നെ പ്രസ്തുത പുനരധിവാസം പൂർത്തീകരിക്കണമെന്നാണ് കമ്മിറ്റികൾക്കുള്ള നിർദ്ദേശം. ഇതിനുപരിയായി സെന്റർ ഫോർ എൻവയോൺമെന്റ് പ്ലാനിംഗ് ആന്റ് ടെക്നോളജി യൂണിവേഴ്സിറ്റി മുഖാന്തിരം നടത്തുന്ന തുറമുഖ നഗരവികസന മാതൃകാ റിപ്പോർട്ടിൽ അവർ നിർദ്ദേശിക്കുന്ന മറ്റ് സാമൂഹികാ പ്രതിബദ്ധതാ പ്രവർത്തനങ്ങളും നടപ്പിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഇതിനുപുറമേ കേന്ദ്രഗവൺമെന്റിന്റെ സാഗർവാലാ പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ പ്രാദേശിക വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങളും സംസ്ഥാന സർക്കാർ നടത്തുന്നതാണ്. തുറമുഖ നിർമ്മാണത്തിനായുള്ള എഗ്രിമെന്റിൽ പുതിയ വ്യവസ്ഥകൾ കൂട്ടിച്ചേർക്കാൻ നിയമപരമായും സാങ്കേതികമായും ഇനി സാദ്ധ്യമല്ല. എന്നിരുന്നാലും 2013-ലെ കമ്പനീസ് ആക്ട് പ്രകാരം അദാനി പോർട്ട്സ് രൂപീകരിക്കുന്ന തുറമുഖ കമ്പനി കാലാകാലങ്ങളിൽ കമ്പനി നിയമപ്രകാരമുള്ള നിയമാനുസൃത സി.എസ്.ആർ. പ്രവർത്തനങ്ങൾ നടത്താൻ ബാദ്ധ്യസ്ഥരാണ്. മെമ്പർ ചൂണ്ടിക്കാണിച്ച പ്രശ്നം ഗവൺമെന്റ് അതീവ ഗൗരവത്തോടെയാണ്

കാണുന്നത്. അതിനുവേണ്ടി നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

## കാലതാമസം ഒഴിവാക്കൽ

മി. ചെയർമാൻ: ഇതേ വിഷയം സംബന്ധിച്ച് ശ്രീ. റ്റി. വി. രാജേഷും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു : സർ, കല്യാശ്ശേരി, അഴീക്കോട്, തളിപ്പറമ്പ് എന്നീ മൂന്ന് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ 12 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടുന്ന ഇരുപത്തിയാറായിരത്തിലധികംവരുന്ന ഗുണഭോക്താക്കൾക്ക് പ്രയോജനം കിട്ടുന്ന പട്ടുവം കുടിവെള്ള പദ്ധതിക്ക് 340 കോടി രൂപ ജിക്ക പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിപ്രകാരം 1200 കിലോമീറ്റർ ദൂരം പൈപ്പ് ഇടുന്നതിനും ഇരുപത്തിയാറായിരത്തോളം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതിനുമാണ് വിഭാവന ചെയ്തിരിക്കുന്നത്. കാലതാമസംമൂലം പൂർണ്ണമായ ആ പദ്ധതി നടപ്പാക്കാൻ സാധിച്ചില്ല. അതിന്റെ ഫലമായി 9000 -നുതാഴെ ആളുകൾക്ക് മാത്രമേ 340 കോടി രൂപ ചെലവിട്ടപ്പോഴും പ്രയോജനം സിദ്ധിച്ചത്. എന്നാൽ 70 കോടി രൂപ വിനിയോഗിച്ചാൽ

അവശേഷിക്കുന്ന ഏതാണ്ട് 18000 ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിക്കുവേണ്ടി 70 കോടി രൂപ നീക്കിവച്ചാൽ മൂന്ന് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ പന്ത്രണ്ട് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശത്തെ ഏതാണ്ട് 18000-ത്തോളം ആളുകൾക്ക് കുടിവെള്ളം കിട്ടുന്ന പദ്ധതിയാണ്. ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. ഈ ആവശ്യകതയ്ക്കുവേണ്ടി നിരന്തരം മൂന്ന് എം.എൽ.എ.മാരും പഞ്ചായത്ത് ഭരണസമിതിക്കാരുൾപ്പെടെ എല്ലാവരും നടത്തിയ ശ്രമത്തിന്റെ ഫലമായി നമ്മുടെ ഗവൺമെന്റ് ഒരു ഭരണാനുമതി നൽകി. 2014 ആഗസ്റ്റ് മാസം നൽകിയ ഭരണാനുമതിയിൽ അറുപത്തിയൊമ്പത് കോടി മുപ്പത്തിരണ്ട് ലക്ഷം രൂപയ്ക്ക് ഈ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനുള്ള ഭരണാനുമതി നൽകി. ആ ഭരണാനുമതിയിൽ സൂചിപ്പിച്ചത് 2015 ജൂൺമാസം 15-ാം തീയതിക്കകം കമ്മീഷൻ ചെയ്യണമെന്നാണ്. ഇപ്പോൾ 2015 ജൂലൈ മാസമായി. അത് കമ്മിഷൻ ചെയ്തില്ലെന്നുമാത്രമല്ല, നൽകിയ ഭരണാനുമതിപോലും പ്രാബല്യത്തിലില്ലെന്നാണ് ഇപ്പോൾ

വ്യക്തമാക്കുന്നത്. പത്തുപന്ത്രണ്ട് പഞ്ചായത്തിലെ പ്രസിഡന്റുമാരും ഇരുപതിനായിരത്തോളം ആളുകളും ചേർന്ന് ഈ ഗവൺമെന്റിന്റെയും മന്ത്രിയുടേയും ഡിപ്പാർട്ട്മെന്റിന്റേയും മുമ്പാകെ ചെലുത്താവുന്ന എല്ലാ സ്വാധീനവും എല്ലാ സമ്മർദ്ധവും ചെലുത്തി. ഇതിന്റെ ഭാഗമായി ഞങ്ങൾ മൂന്ന് എം.എൽ.എ.മാരും നാട്ടിൽ നിരവധി സ്ഥലങ്ങളിൽ പറഞ്ഞു 'അഡ്മിനിസ്ട്രേറ്റീവ് സാംങ്ഷൻ കിട്ടി, കുടിവെള്ളം നിങ്ങൾക്ക് ഉറപ്പായും കിട്ടും ഒരു പ്രയാസവുമില്ല.' എന്ന്. എങ്ങനെ ആളുകളുടെ മുഖത്ത് നോക്കാൻ സാധിക്കും? അതിന് ഒരു നിവർത്തിയുമില്ലാത്ത സാഹചര്യമാണ്. ജപ്പാൻകുടിവെള്ള പദ്ധതിയുടെ ഭാഗമായി ഇനിയും തുക കിട്ടിയാൽ പരിഗണിക്കുമെന്ന് ഇപ്പോൾ മന്ത്രി പറയുന്നു. ദയവ് ചെയ്ത് ആ നിലപാട് തിരുത്തി സർക്കാർ 69 കോടി രൂപ അനുവദിച്ച് ഇരുപതിനായിരത്തോളം ആളുകളുടെ കുടിവെള്ളം മുട്ടിക്കുന്ന ആ അവസ്ഥയ്ക്ക് പരിഹാരം കാണണം. അടിയന്തരമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ജിക്ക

ധനസഹായത്തോടെ നടപ്പാക്കുന്ന പട്ടുവം കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട വിപുലീകരണം വളരെ ആവശ്യമാണെന്നുകണ്ടുതന്നെയാണ് 69.32 കോടി രൂപയുടെ ഭരണാനുമതി 28.8.2014-ന് നൽകിയത്. ജിക്കയുടെ കാലാവധി നീട്ടിക്കിട്ടുന്ന വിഷയമാണ് ഇവിടെയുള്ളത്. ഇത് കേന്ദ്രഗവൺമെന്റുമായി ടേക്കപ്പ് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ മിനിസ്ട്രി ഓഫ് അർബൻ ഡെവലപ്മെന്റും ഡയറക്ടർ ഓഫ് ഇക്കണോമിക് അഫയേഴ്സും വഴി ജിക്കയുടെ അംഗീകാരത്തിനായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്. ഒരു പദ്ധതിയുടെ പൂർത്തീകരണത്തിനുവേണ്ടിയുള്ള തുകയാണിത്. ഇക്കാര്യത്തിലുള്ള പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ അതോറിറ്റി എം.ഡി. ഉൾപ്പെടെയുള്ള ആളുകൾ കഴിഞ്ഞദിവസം ഡൽഹിയിൽ പോയി ചർച്ച നടത്തിയിരുന്നു. ഈ പദ്ധതിയിൽ നമുക്ക് അനുമതി കിട്ടുന്നില്ലെങ്കിൽ മറ്റേതെങ്കിലും പദ്ധതിയിൽപ്പെടുത്തി ഇക്കാര്യം നടപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## കടൽഭിത്തി നിർമ്മാണം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, എന്റെ

നിയോജകമണ്ഡലത്തിലെ കടലോരവുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വിഷയമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. ഇക്കാര്യം ഞാൻ ഇതിനുമുമ്പ് രണ്ടുപ്രാവശ്യം ഉന്നയിച്ചതാണ്. രണ്ടുപ്രാവശ്യം ഉന്നയിച്ചപ്പോഴും ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി, 'ഇക്കാര്യം പരിശോധിക്കുന്നുണ്ട്, എസ്റ്റിമേറ്റ് ആക്കിയിട്ടുണ്ട്, അംഗീകാരം കൊടുക്കേണ്ടതു മാത്രമേയുള്ളൂ, സാമ്പത്തിക പ്രശ്നമുണ്ട് എന്നുള്ള കാര്യങ്ങളാണ്. അങ്ങനെ ഒരു മറുപടി ഇപ്പോൾ നൽകരുതെന്ന് ആദ്യമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞയാഴ്ച ഉദുമ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറ് കടപ്പുറത്ത് കടലിളക്കംകൊണ്ട് നമ്മുടെ നാട് മുഴുവൻ പോയി. ഫോറസ്റ്റിനുവേണ്ടി ഉണ്ടാക്കിയ കാറ്റാടി മരം മുഴുവൻ നശിച്ചു. അതിനിപ്പുറത്തുണ്ടായിരുന്ന സ്വകാര്യവ്യക്തികളുടെ തെങ്ങുകൾ മുഴുവൻ നശിച്ചു. അതിനുമപ്പുറത്ത് നമ്മുടെ പഞ്ചായത്തിലെ ടാറിട്ട റോഡുണ്ടായിരുന്നതുപോലും തകർന്നു. നാട്ടിൽ ജീവിക്കുന്ന ആളുകൾ മുഴുവൻ ഭീതിയോടെ കഴിഞ്ഞുകൂടുകയാണ്. കടൽഭിത്തി നിർമ്മിച്ച് അവിടത്തെ ജനങ്ങളുടെ കഷ്ടതയ്ക്കും ദുരിതത്തിനും പരിഹാരം

കാണണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ പ്രധാനമായും ഉന്നയിക്കുന്നത്. തൊട്ടടുത്ത പ്രദേശമായ ചെമ്മനാട് പഞ്ചായത്തിലെ ചെമ്പിരിക്കയിലും ഇതുതന്നെയാണ് പ്രശ്നം. ഈ രണ്ടുപ്രദേശങ്ങളിലും കടൽഭിത്തി നിർമ്മിക്കുന്നതിന് ഇതിനുമുമ്പ് നടപടി സ്വീകരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ മന്ത്രി ഇതുവരെ സാങ്ഷൻ കൊടുത്തിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അടിയന്തരമായി ഇതിന് സാങ്ഷൻ കൊടുത്ത് കടൽഭിത്തി നിർമ്മിച്ച് ഉദുമ, ചെമ്മനാട് പഞ്ചായത്തിലെ പടിഞ്ഞാറുഭാഗത്ത് ജീവിക്കുന്ന ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള നടപടി അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണം[ അല്ലെങ്കിൽ വലിയ പ്രക്ഷോഭവുമായി മുന്നോട്ടു പോകേണ്ടിവരും എന്നാണ് ആ നാട്ടിലെ ജനങ്ങൾ പറയുന്നത്. കാഞ്ഞങ്ങാട്-കാസർഗോഡ് ദേശീയപാതയുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. ഒരുഭാഗത്ത് കടൽ, ഒരുഭാഗത്ത് ദേശീയപാത, ഇതിന് രണ്ടിനുമിടയിൽ താമസിക്കുന്നയാളുകൾക്ക്

ജീവിക്കാൻ കഴിയാത്ത രീതിയിൽ ബുദ്ധിമുട്ടുകയാണ്. അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഇതിന് പരിഹാരം കാണണം. ഒരു കാരണവശാലും മുമ്പ് തന്ന മറുപടിപോലെ പറഞ്ഞുപോകരുത്. ആ മറുപടി എന്റെ കയ്യിലുണ്ട്. ഇതിന് സാങ്ഷൻ കൊടുക്കും എന്നുതന്നെ പറയണം. ഈ മാസം തന്നെ സാങ്ഷൻ കൊടുത്ത് പണി പൂർത്തീകരിക്കാനാവശ്യമായ ഏർപ്പാടുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഉദുമ നിയോജകമണ്ഡലത്തിലെ ഉദുമ പഞ്ചായത്തിൽ കടലാക്രമണത്തിൽ റോഡുതകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിൽ പൊവ്വൽ, കൊപ്പൽ എന്ന സ്ഥലത്ത് ചെയ്നേജ് 339-360 കിലോമീറ്റർ മുതൽ 39-860 കിലോമീറ്റർ വരെ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 325 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് കേരളത്തിലെ തീരപ്രദേശങ്ങളിൽ കൂടുതൽ

കടലാക്രമണം നടന്നതായി അനുഭവപ്പെടുന്ന സ്ഥലങ്ങളെപ്പറ്റി ഐ.ഐ.ടി.യെക്കൊണ്ട് പഠനം നടത്തിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് ഈ പ്രദേശത്ത് കടലാക്രമണം സൃഷ്ടിച്ച ബാക്കി സ്ഥലങ്ങളെക്കുറിച്ച് ഐ.ഐ.ടി.യെക്കൊണ്ട് പഠനം നടത്തി അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള 500 മീറ്ററിന് ഉടൻ തന്നെ അനുമതി നൽകുന്നതാണ്.